മി. സ്പീക്കർ: ഓർഡർ............ ഓർഡർ............

ചരമോപചാരം

വി. എസ്. അച്ച്യുതാനന്ദൻ, വാഴൂർ സോമൻ, പി. പി. തങ്കച്ചൻ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സ്വാതന്ത്ര്യ സമര സേനാനിയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ അതുല്യനായ നേതാവുമായിരുന്ന വി. എസ്. അച്ച്യുതാനന്ദൻ 2025 ജൂലൈ 21-ന് അന്തരിച്ചു. അന്തരിക്കുമ്പോൾ അദ്ദേഹത്തിന് 101 വയസ്സായിരുന്നു. ആലപ്പുഴ ജില്ലയിലെ പുന്നപ്ര വില്ലേജിൽ കളർകോട് വേലിക്കകത്ത് വീട്ടിൽ പരേതരായ ശങ്കരന്റെയും അക്കമ്മയുടെയും രണ്ടാമത്തെ മകനായി 1923 ഒക്ടോബർ 20-നാണ് വി. എസ്. അച്ച്യുതാനന്ദൻ ജനിച്ചത്. 1967, 1970, 1991, 2001, 2006, 2011, 2016 എന്നീ വർഷങ്ങളിലായി ഏഴ് തവണ കേരള നിയമസഭയിലേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. അമ്പലപ്പുഴ, മാരാരിക്കുളം, മലമ്പുഴ മണ്ഡലങ്ങളെ അദ്ദേഹം പ്രതിനിധീകരിച്ചു. 2006 മുതൽ 2011 വരെ സംസ്ഥാന മുഖ്യമന്ത്രിയായിരുന്നു സഖാവ് വി. എസ്. അച്ച്യുതാനന്ദൻ. 1992-1996, 2001-2006, 2011-2016 എന്നീ കാലഘട്ടങ്ങളിൽ പതിനഞ്ചുവർഷത്തോളം കേരള നിയമസഭയിൽ പ്രതിപക്ഷ നേതാവായും 2016 മുതൽ 2021 വരെ കാബിനറ്റ്

റാങ്കോടെ കേരള സംസ്ഥാന ഭരണ പരിഷ്കാര കമ്മിഷൻ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. ദേശാഭിമാനി ദിനപത്രത്തിന്റെയും ചിന്ത വാരികയുടെയും കർഷകത്തൊഴിലാളി മാസികയുടെയും ചീഫ് എഡിറ്ററായി ദീർഘകാലം പ്രവർത്തിച്ച അദ്ദേഹം സി.പി.ഐ.(എം.) പൊളിറ്റ് ബ്യൂറോ അംഗം, സംസ്ഥാന സെക്രട്ടറി എന്നീ നിലകളിൽ ഇടതുപക്ഷത്തിന്റെ ജനകീയ മുഖമായിരുന്നു. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ 'വി.എസ്.' എന്ന രണ്ടക്ഷരം നേരിന്റെയും സഹനത്തിന്റെയും പ്രതീകമാണ്. നാലാം വയസ്സിൽ അമ്മയെയും പതിനൊന്നാം വയസ്സിൽ അച്ഛനെയും നഷ്ടപ്പെട്ടു. ദാരിദ്ര്യത്തിലും പട്ടിണിയിലും വളർന്ന അദ്ദേഹത്തിന് ഏഴാം ക്ലാസിനുശേഷം ഔപചാരിക വിദ്യാഭ്യാസം തുടരാൻ സാധിച്ചില്ല. പിന്നീട് ആസ്പിൻവാൾ കയർ ഫാക്ടറിയിൽ തൊഴിലാളിയായി ജോലി ചെയ്തുകൊണ്ടാണ് വി. എസ്. അച്യുതാനന്ദൻ പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവരുന്നത്.

തിരുവിതാംകൂറിൽ ഭരണപരിഷ്കാരത്തിനുവേണ്ടി നടന്ന നിവർത്തന പ്രക്ഷോഭത്തിലൂടെ രാഷ്ട്രീയ ജീവിതം ആരംഭിച്ച വി. എസ്. അച്യുതാനന്ദൻ, 1939-ൽ സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേർന്നുകൊണ്ട് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി. 1940-ൽ പതിനേഴാം വയസ്സിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം നൽകിയത് പി. കൃഷ്ണപിള്ളയാണ്. നന്നേ ചെറുപ്പത്തിൽത്തന്നെ അനീതിക്കും

അസമത്വത്തിനുമെതിരെ കലഹിച്ച വി. എസ്. അച്ചുതാനന്ദൻ സ്വാതന്ത്ര്യസമരം, പുന്നപ്ര വയലാർ സമരം, മറ്റ് വിവിധ പ്രക്ഷോഭങ്ങൾ എന്നിവയിൽ പങ്കെടുത്തതിനും അടിയന്തരാവസ്ഥക്കാലത്തുമായി ആകെ അഞ്ച് വർഷവും ആറ് മാസവും ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. അതോടൊപ്പം പാർട്ടി പ്രവർത്തനത്തിന്റെ ഭാഗമായി നാലര വർഷം ഒളിവിലും കഴിയേണ്ടിവന്നു. കർഷക-തൊഴിലാളി യൂണിയൻ പ്രവർത്തനങ്ങളിലൂടെയാണ് അദ്ദേഹം പൊതുപ്രവർത്തന രംഗത്ത് സജീവമായത്. 1946-ലെ പുന്നപ്ര-വയലാർ സമരത്തിൽ വോളന്റിയറായും പിന്നീട് നേതൃതലത്തിലും പ്രവർത്തിക്കുമ്പോൾ പോലീസ് പിടിയിലായ വി. എസ്. അച്ചുതാനന്ദൻ കൊടിയ ലോക്കപ്പ് മർദ്ദനം നേരിടുകയും മരണത്തെ മുഖാമുഖം കാണുകയും ചെയ്തു. രാജവാഴ്ചയ്ക്കും ദിവാൻ ഭരണത്തിനുമെതിരെയും പാർശ്വവൽകൃത ജനവിഭാഗങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാനും നടന്ന തൊഴിലാളിവർഗ്ഗ സമരങ്ങൾ അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിന് അടിത്തറ പാകി.

1952-ൽ പാർട്ടി ആലപ്പുഴ ഡിവിഷൻ സെക്രട്ടറിയായും 1956 മുതൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറിയായും പ്രവർത്തിച്ചു. 1957-ൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായും 1958-ൽ കേന്ദ്രകമ്മിറ്റി അംഗമായും

തിരഞ്ഞെടുക്കപ്പെട്ടു. സി.പി.ഐ.(എം.)-യുടെ ദേശീയ കൗൺസിലിൽ നിന്നിറങ്ങി വന്ന് 1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) രൂപീകരിച്ച 32 പേരിൽ ഒരാളായിരുന്നു അദ്ദേഹം. 1980 മുതൽ 1992 വരെ സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിച്ച വി. എസ്. അച്യുതാനന്ദൻ, 1985 മുതൽ 2009 വരെ പാർട്ടിയുടെ പൊളിറ്റ് ബ്യൂറോ അംഗവുമായിരുന്നു. ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പോരാട്ടങ്ങൾ കേരള ചരിത്രത്തിന്റെ ഭാഗമാണ്. ആലപ്പുഴയിലെ കർഷക തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച തിരുവിതാംകൂർ കർഷക തൊഴിലാളി യൂണിയനാണ് ഇന്ത്യയിലെ ആദ്യത്തെ കർഷക തൊഴിലാളി സംഘടന. സംഘടനാപ്രവർത്തനത്തിന്റെ ഭാഗമായി ഇരുമ്പഴികൾക്കുള്ളിലായിരുന്ന വി. എസ്. അച്യുതാനന്ദൻ ഇന്ത്യയുടെ സ്വാതന്ത്ര്യ പുലരിയെ സ്വാഗതം ചെയ്തത് സെൻട്രൽ ജയിലിനുള്ളിൽ കഴിയുമ്പോഴായിരുന്നു. കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, പരിസ്ഥിതി, വിദ്യാഭ്യാസ മേഖലകളിൽ വി. എസ്. അച്യുതാനന്ദൻ നൽകിയ സംഭാവനകൾ നിസ്തുലമാണ്. അദ്ദേഹം മുഖ്യമന്ത്രിയായിരിക്കെ നടപ്പാക്കിയ പല പദ്ധതികളും കേരളസമൂഹത്തിൽ ദൂരവ്യാപകമായ മാറ്റങ്ങൾ വരുത്തി. 2006-ലെ കർഷക കടാശ്വാസ കമ്മിഷൻ നിയമം, 2008-ലെ കേരള നെൽവയൽ-

തണ്ണീർത്തട സംരക്ഷണ നിയമം, സമഗ്രവൈദ്യുതീകരണം, ജനമൈത്രി പോലീസ് എന്നിവ അദ്ദേഹത്തിന്റെ ഭരണകാലത്തെ ശ്രദ്ധേയമായ ചുവടുവയ്പ്പുകളായിരുന്നു. പരിസ്ഥിതി സംരക്ഷണത്തിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും അഴിമതിക്കെതിരെ പൊതുബോധം വളർത്തുന്നതിനും അദ്ദേഹം നിരന്തരം ശബ്ദമുയർത്തി. സാഹിത്യ, സാംസ്കാരിക മേഖലകളിലും അദ്ദേഹത്തിന് തന്റേതായ കാഴ്ചപ്പാടുകളുണ്ടായിരുന്നു. 'സമരം തന്നെ ജീവിതം' എന്ന ആത്മകഥ അദ്ദേഹത്തിന്റെ തീക്ഷ്ണമായ ജീവിതാനുഭവങ്ങളെ അടയാളപ്പെടുത്തുന്നു.

പൊതുപ്രവർത്തനത്തിലെ സമഗ്ര സംഭാവനകൾക്ക് 2024 ജനുവരി 5-ന് 'കർഷക തൊഴിലാളി' മാസികയുടെ പ്രഥമ കേരള പുരസ്കാരം ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. 2025 ജനുവരി 9-ന് തിരുവനന്തപുരം കോർപ്പറേഷന്റെ പ്രഥമ 'നഗരരത്ന' പുരസ്കാരവും അദ്ദേഹത്തിന് ലഭിച്ചു. ജീവിത സായന്തനത്തിൽ ഭരണപരിഷ്കാര കമ്മിഷൻ അധ്യക്ഷൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ഊർജ്ജസ്വലമായ പ്രവർത്തനം പുതുതലമുറ മാതൃകയാക്കേണ്ടതാണ്. വി.എസ്. എന്ന സംജ്ഞയിലൂടെ ഒരു ഇടതുപക്ഷനേതാവ് എന്നതിലുപരിയായി സാധാരണക്കാർ ഒരു വിപ്ലവകാരിയുടെയും പോരാളിയുടെയും പ്രതിരൂപമായിരുന്നു ദർശിച്ചിരുന്നത്.

കക്ഷിരാഷ്ട്രീയ ഭേദമന്യേ ജനങ്ങൾ അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിലപാടുകളിലെ ഉറച്ച വിശ്വാസവും ശക്തമായ സ്ത്രീപക്ഷനിലപാടും അഴിമതിക്കെതിരായ വിട്ടുവീഴ്ചയില്ലാത്ത സമീപനവും ജനകീയ പ്രശ്നങ്ങളിൽ ഇടപെടുന്നതിലുള്ള ആത്മാർഥതയും അദ്ദേഹത്തെ ജനങ്ങളുടെ പ്രിയങ്കരനാക്കി മാറ്റി.

കേരളത്തിന്റെ സാമൂഹിക പുരോഗതിക്കും തൊഴിലാളി വർഗ്ഗത്തിന്റെ ഉന്നമനത്തിനുംവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ആ ധീരനായകന്റെ വിയോഗം കേരളത്തിനും ഇന്ത്യൻ രാഷ്ട്രീയത്തിനും പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും നികത്താനാവാത്ത നഷ്ടമാണ്. അദ്ദേഹം അവശേഷിപ്പിച്ചുപോയ പാതയും ആശയങ്ങളും എന്നും വരും തലമുറയ്ക്ക് പ്രചോദനമായിരിക്കും.

വാഴൂർ സോമൻ

പതിനഞ്ചാം കേരള നിയമസഭയിൽ പീരുമേടിനെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗവും മുതിർന്ന സി.പി.ഐ. നേതാവുമായ വാഴൂർ സോമൻ അന്തരിച്ചു. 2025 ആഗസ്റ്റ് 21-ന് തിരുവനന്തപുരത്ത് വച്ച് നടന്ന റവന്യൂ വകുപ്പിന്റെ ഇടുക്കി ജില്ലാതല യോഗം കഴിഞ്ഞ് പുറത്തേക്കിറങ്ങവേ കുഴഞ്ഞുവീണ് അന്ത്യം സംഭവിക്കുകയായിരുന്നു. കോട്ടയം ജില്ലയിലെ വാഴൂരിൽ

കുഞ്ഞുപാപ്പന്റെയും പാർവതിയുടെയും മകനായി 1952 സെപ്റ്റംബർ 14-ന് ജനിച്ച അദ്ദേഹം, കർമ്മമണ്ഡലമായി തിരഞ്ഞെടുത്തത് ഇടുക്കിയിലെ പീരുമേടായിരുന്നു. വിദ്യാർഥി രാഷ്ട്രീയത്തിലൂടെയാണ് വാഴൂർ സോമൻ പൊതുരംഗത്തേക്ക് കടന്നുവരുന്നത്. ഓൾ ഇന്ത്യ സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച അദ്ദേഹം പിന്നീട് ട്രേഡ് യൂണിയൻ രംഗത്ത് സജീവമായി. എ.ഐ.ടി.യു.സി.-യുടെ സംസ്ഥാന വൈസ് പ്രസിഡന്റായും ദേശീയ കൗൺസിൽ അംഗമായും പ്രവർത്തിച്ചു. തോട്ടം തൊഴിലാളികളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തിയ അദ്ദേഹം അവരുടെ ഇടയിൽ വലിയ സ്വാധീനമുള്ള നേതാവായി വളർന്നു. 2005 മുതൽ 2010 വരെ ഇടുക്കി ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനായും 2016 മുതൽ 2021 വരെ കേരള സ്റ്റേറ്റ് വെയർഹൗസിങ് കോർപ്പറേഷൻ ചെയർമാനായും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. 2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ പീരുമേട് നിയോജകമണ്ഡലത്തിൽനിന്ന് വിജയിച്ചാണ് അദ്ദേഹം നിയമസഭയിലെത്തിയത്.

തോട്ടം തൊഴിലാളികളുടെ ജീവിതപ്രശ്നങ്ങൾ നിയമസഭയിലും പൊതുസമൂഹത്തിലും എത്തിക്കുന്നതിൽ അദ്ദേഹം നിർണായകമായ പങ്കുവഹിച്ചു. തൊഴിലാളികളുമായി അനായാസം സംവദിക്കുന്നതിനായി തമിഴ്

ഭാഷയിൽ പ്രാവീണ്യം നേടിയത് അദ്ദേഹത്തിന്റെ ജനകീയത വർധിപ്പിച്ചു. കുടിയേറ്റ മേഖലയിലെ പട്ടയപ്രശ്നവും മനുഷ്യ-വന്യജീവി സംഘർഷങ്ങളും നിരന്തരമായി പൊതുസമൂഹത്തിൽ ഉയർത്തികൊണ്ടുവന്ന നേതാവായിരുന്ന അദ്ദേഹം. ലളിതമായ ജീവിതശൈലിയും സൗമ്യമായ പെരുമാറ്റത്തിനുടമയുമായിരുന്നു അദ്ദേഹം. നിയമസഭാംഗം എന്ന നിലയിൽ തന്റെ മണ്ഡലത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഭയ്ക്കകത്തും പുറത്തും ഒരുപോലെ ശക്തമായി ഇടപെട്ടിരുന്ന അദ്ദേഹം ജനപ്രതിനിധികൾക്ക് മാതൃകയാണ്. സാധാരണക്കാരന്റെ പ്രശ്നങ്ങൾ മനസ്സിലാക്കി പ്രവർത്തിച്ചും തൊഴിലാളി വർഗ്ഗത്തിനുവേണ്ടി വിട്ടുവീഴ്ചയില്ലാതെ നിലപാട് സ്വീകരിച്ചും പോരാടിയ ഒരു ജനകീയ നേതാവിനെയാണ് നമുക്ക് നഷ്ടമായത്. അദ്ദേഹത്തിന്റെ വിയോഗം കേരള രാഷ്ട്രീയത്തിൽ, പ്രത്യേകിച്ച് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വലിയ നഷ്ടമാണ്.

പി. പി. തങ്കച്ചൻ

കേരള നിയമസഭാ മുൻ സ്പീക്കറും മുൻ മന്ത്രിയുമായ മുതിർന്ന കോൺഗ്രസ് നേതാവ് പി. പി. തങ്കച്ചൻ 2025 സെപ്തംബർ 11-ന് അന്തരിച്ചു. പതിറ്റാണ്ടുകൾ നീണ്ട രാഷ്ട്രീയ ജീവിതത്തിൽ കേരള നിയമസഭയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച നേതാവായിരുന്ന അദ്ദേഹം,

കെ.പി.സി.സി. പ്രസിഡന്റ്, യു.ഡി.എഫ്. കൺവീനർ തുടങ്ങി നിരവധി സുപ്രധാന രാഷ്ട്രീയ പദവികളും വഹിച്ചിട്ടുണ്ട്. 1939 ജൂലൈ 29-ന് എറണാകുളം ജില്ലയിലെ അങ്കമാലിയിൽ റവ. ഫാദർ പൗലോസ് പൈനാടത്തിന്റെയും അന്നമ്മയുടെയും മകനായാണ് പി. പി. തങ്കച്ചന്റെ ജനനം. എറണാകുളം ജില്ലയിലെ പെരുമ്പാവൂർ കേന്ദ്രീകരിച്ച് പൊതുപ്രവർത്തനം ആരംഭിച്ച അദ്ദേഹം, പടിപടിയായി കേരളത്തിലെ കോൺഗ്രസ് പാർട്ടിയുടെ സജീവമായ രാഷ്ട്രീയ സാന്നിധ്യമായി മാറി. 1968-ൽ പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിലിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം, അക്കാലത്ത് രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ മുനിസിപ്പൽ ചെയർമാൻ എന്ന ബഹുമതി നേടിയിരുന്നു. നിയമ ബിരുദധാരിയായ പി. പി. തങ്കച്ചൻ യൂത്ത് കോൺഗ്രസിലൂടെയും തുടർന്ന് ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളിലൂടെയുമാണ് കേരള രാഷ്ട്രീയത്തിൽ തന്റേതായ സ്ഥാനം ഉറപ്പിച്ചത്. എറണാകുളം ഡി.സി.സി. പ്രസിഡന്റ് എന്ന നിലയിലും സംഘാടന മികവ് പ്രകടിപ്പിച്ച അദ്ദേഹം, 1982-ൽ പെരുമ്പാവൂരിൽനിന്ന് ആദ്യമായി നിയമസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1987, 1991, 1996 വർഷങ്ങളിൽ വീണ്ടും നിയമസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു.

തുടർച്ചയായി പത്തൊൻപത് വർഷം പെരുമ്പാവൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തി. 1991 മുതൽ 1995 വരെ ഒൻപതാം കേരള നിയമസഭയുടെ സ്പീക്കറായി പ്രവർത്തിച്ച പി. പി. തങ്കച്ചൻ, സഭയുടെ അന്തസ്സും അച്ചടക്കവും കാത്തുസൂക്ഷിക്കുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നു. സ്പീക്കർ പദവിയിൽ അദ്ദേഹം പുലർത്തിയ നിഷ്പക്ഷ നിലപാടുകൾ ഏറെ പ്രശംസ പിടിച്ചുപറ്റി. തുടർന്ന് അതേ നിയമസഭാ കാലയളവിൽ 1995-ൽ സത്യപ്രതിജ്ഞ ചെയ്ത എ. കെ. ആന്റണി മന്ത്രിസഭയിൽ അദ്ദേഹം കൃഷി വകുപ്പ് മന്ത്രിയായിരുന്നു. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ മന്ത്രിയെന്ന നിലയിൽ നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. 1987-91 കാലഘട്ടത്തിൽ കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ സെക്രട്ടറിയായിരുന്ന അദ്ദേഹം 2004-ൽ കെ.പി.സി.സി. പ്രസിഡന്റിന്റെ താൽക്കാലിക ചുമതലയും വഹിച്ചിട്ടുണ്ട്. 2004 മുതൽ 2018 വരെ തുടർച്ചയായി 14 വർഷം യു.ഡി.എഫ്. കൺവീനറായിരുന്നു എന്നത് പി. പി. തങ്കച്ചന്റെ നേതൃപാടവത്തെ സാക്ഷ്യപ്പെടുത്തുന്നു. തന്റെ രാഷ്ട്രീയ ജീവിതത്തിലുടനീളം സാമൂഹിക പ്രതിബദ്ധത പുലർത്തിയ നേതാവായിരുന്നു പി. പി. തങ്കച്ചൻ.

സാധാരണക്കാരായ ജനങ്ങളുടെ പ്രശ്നങ്ങളിൽ നിരന്തരം ഇടപെട്ടിരുന്ന അദ്ദേഹം, നിരവധി ട്രേഡ് യൂണിയനുകളുടെ നേതൃസ്ഥാനം വഹിച്ചുകൊണ്ട് തൊഴിലാളികളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തുകയും ചെയ്തു. പി. പി. തങ്കച്ചന്റെ വിയോഗത്തോടെ കേരള രാഷ്ട്രീയത്തിന് നഷ്ടമാകുന്നത് പതിറ്റാണ്ടുകളുടെ അനുഭവസമ്പത്തുള്ള ഒരു തലമുതിർന്ന നേതാവിനെയാണ്. സ്പീക്കർ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ നിഷ്പക്ഷതയും ജനകീയതയും പൊതുജനങ്ങളോടുള്ള ലളിതമായ ഇടപെടലുകളും എന്നും ഓർമ്മിക്കപ്പെടുകതന്നെ ചെയ്യും.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, വി. എസ്. അച്യുതാനന്ദൻ, വാഴൂർ സോമൻ, പി. പി. തങ്കച്ചൻ എന്നിവരെക്കുറിച്ച് അങ്ങുപറഞ്ഞ എല്ലാ കാര്യങ്ങളോടും പൂർണ്ണമായും യോജിക്കുകയാണ്. കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും ഈ സഭയിൽ ദീർഘകാലം അംഗവുമായിരുന്ന വി. എസ്. അച്യുതാനന്ദന്റെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. കേരളത്തിന്റെ സാമൂഹ്യ, രാഷ്ട്രീയ മുന്നേറ്റ ചരിത്രത്തിലെ ഒരു അധ്യായത്തിനാണ് വി. എസ്. അച്യുതാനന്ദന്റെ മരണത്തോടെ തിരശ്ശീല വീണിരിക്കുന്നത്. വി. എസ്. അച്യുതാനന്ദൻ

ഉയർത്തിപ്പിടിച്ച പ്രത്യയശാസ്ത്രവും അതിന്റെ പൂർത്തീകരണത്തിനായി അദ്ദേഹം നടത്തിയ ഇടപെടലുകളും കാലാതിവർത്തിയായി നിലകൊള്ളുകയും തലമുറകൾക്ക് പ്രചോദനമാകുകയും ചെയ്യും. ഒരു പൊതുപ്രവർത്തകൻ എന്നതിലുപരി, കേരള ചരിത്രത്തിലെ പല സുപ്രധാന ഏടുകളെയും വർത്തമാനകാലവുമായി ബന്ധിപ്പിക്കുന്ന ഒരു കണ്ണികൂടിയായിരുന്നു സഖാവ് വി. എസ്. അച്യുതാനന്ദൻ. സാമ്രാജ്യത്വ വിരുദ്ധ ദേശീയ പ്രസ്ഥാനത്തിന്റെ കാലഘട്ടത്തെയും നവോത്ഥാന മുന്നേറ്റങ്ങളുടെ കാലഘട്ടത്തെയും പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രാരംഭഘട്ടത്തെയുമെല്ലാം വർത്തമാനകാലവുമായി ബന്ധിപ്പിച്ചിരുന്ന വി. എസ്. അച്യുതാനന്ദൻ എന്ന കണ്ണി അറ്റുപോയിരിക്കുകയാണ്. അത് കേരള സമൂഹത്തിനാകെയും പുരോഗമന പ്രസ്ഥാനങ്ങൾക്ക് വിശേഷിച്ചും വലിയ നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്. ഒരു നൂറ്റാണ്ടോളം പൊതുപ്രവർത്തന രംഗത്ത് സജീവമായി നിൽക്കുകയും ആ ഘട്ടങ്ങളിലെല്ലാം ജനകീയ വിഷയങ്ങൾ ഏറ്റെടുക്കുകയും അവ പരിഹരിക്കുന്നതിനായി നിലകൊള്ളുകയും ചെയ്ത അപൂർവം രാഷ്ട്രീയ പ്രവർത്തകർ മാത്രമെ ലോക ചരിത്രത്തിൽത്തന്നെ ഉണ്ടാകുകയുള്ളൂ. ആ നിരയിലാണ് സഖാവ് വി. എസ്.

അച്ചുതാനന്ദന്റെ സ്ഥാനം. നിയമസഭാ സാമാജികൻ, പ്രതിപക്ഷനേതാവ്, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അനിഷേധ്യ നേതാവ് തുടങ്ങി പല നിലകളിൽ വ്യാപിച്ച് കിടക്കുന്നതാണ് അദ്ദേഹത്തിന്റെ ജീവിതം. പുന്നപ്ര-വയലാർ വിപ്ലവത്തോട് അഭേദ്യമായി ചേർന്ന് കിടക്കുന്നതുമാണത്. ഒരു സാധാരണ തൊഴിലാളിയെന്ന നിലയിൽനിന്ന് തൊഴിലാളി വർഗപ്രസ്ഥാനത്തിന്റെ അമരക്കാരനായി വി. എസ്. അച്ചുതാനന്ദൻ മാറിയതിന് പിന്നിൽ സഹനത്തിന്റെയും യാതനയുടെയും അതിജീവനത്തിന്റെയും നിരവധി ഏടുകളുണ്ട്. കർഷകത്തൊഴിലാളി പ്രസ്ഥാനവും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും കെട്ടിപ്പടുക്കുന്നതിൽ വി. എസ്. അച്ചുതാനന്ദൻ വഹിച്ച പങ്ക് ചരിത്രപരമായ പ്രാധാന്യമുള്ളതാണ്. തുടക്കത്തിൽ ജനകീയ പോരാട്ടങ്ങളുടെ സമരനായകനായിരുന്നെങ്കിൽ അവസാനം ഭരണപരിഷ്കാര കമ്മിഷൻ ചെയർമാനെന്ന നിലയിൽ ഭരണത്തെ ജനകീയമാക്കി പരിഷ്കരിക്കുന്നതിനുള്ള നായകത്വവും അദ്ദേഹം വഹിച്ചു. മുഖ്യമന്ത്രിയായിരുന്ന ഘട്ടത്തിൽ, അങ്ങ് പ്രസ്താവിച്ചതുപോലെ ജനോന്മുഖവും അടിസ്ഥാന വർഗങ്ങൾക്ക് വഴിതെളിക്കുന്നതുമായ എത്രയോ നടപടികൾക്ക് അദ്ദേഹം നേതൃത്വം നൽകി. കേവല രാഷ്ട്രീയത്തിന് അപ്പുറം,

പരിസ്ഥിതി, മനുഷ്യാവകാശം, സ്ത്രീ സമത്വം തുടങ്ങിയ വിവിധ മേഖലകളിൽ അദ്ദേഹം വ്യാപരിച്ചു. അതിന് പാർട്ടി അദ്ദേഹത്തിന് അകമഴിഞ്ഞ പിന്തുണ നൽകി. ആ പ്രക്രിയയിലാണ് പാർട്ടി നേതാവായിരിക്കെത്തന്നെ പൊതുസമൂഹത്തിനാകെ സ്വീകാര്യമാകുന്ന തലത്തിലേയ്ക്ക് വി. എസ്. അച്ചുതാനന്ദന്റെ രാഷ്ട്രീയ വ്യക്തിത്വം ഉയർന്നത്. മുഖ്യധാരാ രാഷ്ട്രീയ വിഷയങ്ങളിലേയ്ക്ക് പരിസ്ഥിതി അടക്കമുള്ള കാര്യങ്ങളെക്കൂടി കൊണ്ടുവരുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് അവിസ്മരണീയമാണ്. അദ്ദേഹം ഒളിവിലും തെളിവിലുമായി കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനം നടത്തി. ഐക്യ കേരളത്തിനുവേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടിനേതൃത്വം നടത്തിയിരുന്ന പ്രക്ഷോഭങ്ങളിലും സജീവമായിരുന്നു. 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തുന്ന സമയത്ത് പാർട്ടിയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറിയും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായിരുന്നു. 1959-ൽ പാർട്ടി ദേശീയ കൗൺസിൽ അംഗമായിരുന്നു. മിച്ചഭൂമി സമരം ഉൾപ്പെടെ എത്രയോ ധീരസമരങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. വിവിധ കാലഘട്ടങ്ങളിലായി അഞ്ചര വർഷത്തിലേറെ നീണ്ടുനിൽക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ തടവുജീവിതം. അങ്ങ് പ്രസ്താവിച്ചതുപോലെ, കഠിനമായ

പോലീസ് മർദനത്തിനും അദ്ദേഹം ഇരയായി. 1964 മുതൽ സി.പി.ഐ.(എം.) കേന്ദ്ര കമ്മിറ്റി അംഗമായും 1985 മുതൽ പൊളിറ്റ് ബ്യൂറോ അംഗമായും പ്രവർത്തിച്ചു. 1980 മുതൽ 1992 വരെ സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയായും 1996 മുതൽ 2000 വരെ എൽ.ഡി.എഫ്. കൺവീനറായും പ്രവർത്തിച്ചു. 2001 മുതൽ 2006 വരെ പ്രതിപക്ഷനേതാവ്, 2006 മുതൽ 2011 വരെ മുഖ്യമന്ത്രി, 2011 മുതൽ 2016 വരെ വീണ്ടും പ്രതിപക്ഷനേതാവ് എന്നീ നിലകളിൽ തുടർന്നു. 1967, 1970 വർഷങ്ങളിൽ അമ്പലപ്പുഴ മണ്ഡലത്തിൽനിന്നും 1991-ൽ മാരാരിക്കുളം മണ്ഡലത്തിൽനിന്നും 2001 മുതൽ 2021 വരെ പാലക്കാട് ജില്ലയിലെ മലമ്പുഴ മണ്ഡലത്തിൽനിന്നും നിയമസഭാംഗമായി. ആ ഘട്ടങ്ങളിലെല്ലാം അദ്ദേഹം സ്വീകരിച്ച നിലപാടുകൾ, നിയമസഭയിൽ നടത്തിയ പ്രസംഗങ്ങൾ, ചർച്ചകൾ തുടങ്ങിയവയെല്ലാംതന്നെ പുതുതലമുറയിലെ നിയമസഭാ സാമാജികർക്ക് ഉൾപ്പെടെ മാതൃകയാണ്. സാമൂഹ്യവും സാമ്പത്തികവുമായ വിവേചനങ്ങളിൽ ഉഴറിയിരുന്ന കേരള സമൂഹത്തെ ഇന്ന് കാണുന്ന നിലയിലേയ്ക്ക് കൈപിടിച്ച് നടത്തുന്നതിൽ അതുല്യമായ സംഭാവന നൽകിയവരുടെ നിരയിലാണ് വി. എസ്. അച്ചുതാനന്ദൻ. "മാനുഷികമായതൊന്നും എനിക്ക് അന്യമല്ല"

എന്ന കാൾ മാക്സിന്റെ വചനങ്ങളെ സ്വജീവിതത്തിലൂടെ പ്രതിഫലിപ്പിച്ചുകൊണ്ട് സമൂഹത്തിനാകെ മാതൃക തീർത്താണ് അദ്ദേഹം കടന്നുപോയത്. മറ്റ് മനുഷ്യരോടുള്ള കരുതലും മനുഷ്യവംശത്തിന്റെ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയും അടിച്ചമർത്തപ്പെടുന്ന മനുഷ്യരും ഉള്ളിടത്തോളംകാലം നിലനിൽക്കുന്നതാണ് കമ്മ്യൂണിസവും കമ്മ്യൂണിസ്റ്റ് നേതാക്കളുമെന്ന് പൊതുവെ പറയാറുണ്ട്. ആ നേതാക്കളുടെ നിരയിലാണ് വി. എസ്. അച്ചുതാനന്ദന്റെ സ്ഥാനം. നാം ഓരോരുത്തരും സ്വപ്നം കാണുന്നതുപോലെ, സമത്വ സുന്ദരമായ ഒരു ലോകം കെട്ടിപ്പടുക്കാൻ എന്നും ഊർജവും പ്രചോദനവുമായി മാറും വി. എസ്. അച്ചുതാനന്ദന്റെ സ്മരണ. ആ ഓർമ്മകൾക്ക് മുന്നിൽ പ്രണാമം അർപ്പിക്കുന്നു.

ഈ നിയമസഭയിൽ അംഗമായിരുന്ന വാഴൂർ സോമന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിനും ട്രേഡ് യൂണിയൻ രംഗത്തിനും ഈ നിയമസഭയ്ക്കും നികത്താനാവാത്ത നഷ്ടമാണ് അദ്ദേഹത്തിന്റെ വിയോഗത്തിലൂടെ ഉണ്ടായിരിക്കുന്നത്. വിദ്യാർഥി പ്രസ്ഥാനത്തിലൂടെ പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവന്ന അദ്ദേഹം ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ

ഭാഗമായാണ് ദീർഘകാലം പ്രവർത്തിച്ചത്. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും അവയ്ക്ക് പരിഹാരം കാണുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും വേണ്ടിയാണ് പൊതുജീവിതത്തിന്റെ സിംഹഭാഗവും അദ്ദേഹം വിനിയോഗിച്ചത്. തോട്ടം തൊഴിലാളികളെ സംഘടിപ്പിക്കാൻ വിഷമം നിറഞ്ഞ കാനനപാതകൾ താണ്ടി അദ്ദേഹം കാൽനടയായി സഞ്ചരിച്ചിട്ടുണ്ട്. പൊതുസമൂഹവുമായി കലർന്നൊഴുകാൻ പലപ്പോഴും വിമുഖത പ്രകടിപ്പിച്ചിരുന്ന തോട്ടം തൊഴിലാളികളെ പൊതുധാരയുടെ ഭാഗമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അദ്ദേഹം ഏറ്റെടുത്തിട്ടുണ്ട്. അവരുടെ തൊഴിലവകാശങ്ങൾ ഉറപ്പാക്കുന്നതോടൊപ്പംതന്നെ അവർക്ക് വിദ്യാഭ്യാസം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ അദ്ദേഹം ഏറ്റെടുത്തു. തോട്ടം തൊഴിലാളികളെ സംഘബോധത്തിലേക്ക് നയിക്കാനും അവർക്ക് രാഷ്ട്രീയ വിദ്യാഭ്യാസം നൽകാനും അദ്ദേഹം മുന്നിൽനിന്നു. അതെല്ലാംതന്നെ വാഴൂർ സോമനെ പല പ്രമാണിമാരുടെയും അപ്രീതിക്ക് പാത്രമാക്കി. തൊഴിലാളികളെ സംഘടിപ്പിച്ചതിന്റെ പേരിൽ അദ്ദേഹത്തിന് ക്രൂരമായ മർദ്ദനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്. അത്തരത്തിൽ ആർജിച്ച ട്രേഡ് യൂണിയൻ

പ്രവർത്തന പാരമ്പര്യം അദ്ദേഹത്തിലെ പൊതുപ്രവർത്തകനെ കൂടുതൽ വിളക്കിയെടുത്തു. അതിന്റെ പ്രതിഫലനമായിരുന്നു ഇക്കഴിഞ്ഞ നാല് വർഷക്കാലത്തിലധികം ഈ സഭയ്ക്കകത്ത് അദ്ദേഹം നടത്തിയ ഇടപെടലുകൾ. സഭയ്ക്ക് അകത്തും പുറത്തും തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അദ്ദേഹം ഒരുപോലെ ഏറ്റെടുത്തു. അത്തരത്തിൽ കർമ്മനിരതനായിരിക്കെയാണ് അപ്രതീക്ഷിതമായി മരണം അദ്ദേഹത്തെ കവർന്നെടുത്തത്. ഒരേസമയം ഞെട്ടലും ദുഃഖവും ഉളവാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ വിയോഗം. വാഴൂർ സോമന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

കേരള നിയമസഭയുടെ മുൻ സ്പീക്കറും സംസ്ഥാനത്തിന്റെ മുൻ മന്ത്രിയുമൊക്കെയായിരുന്ന പി. പി. തങ്കച്ചൻ വിടവാങ്ങിയിരിക്കുകയാണ്. ഈ സഭയുടെ അധ്യക്ഷൻ, നിയമസഭാ സാമാജികൻ, സംസ്ഥാന മന്ത്രിസഭയിലെ അംഗം എന്നീ നിലകളിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ നന്ദിയോടെ സ്മരിക്കുകയാണ്. പൊതുപ്രവർത്തകൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ജീവിതം ആധുനിക കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിനൊപ്പം സഞ്ചരിക്കുന്ന സാന്നിധ്യമായിരുന്നു. അഭിഭാഷക

വൃത്തിയിലൂടെ രാഷ്ട്രീയത്തിലെത്തിയ അദ്ദേഹം തന്റെ പ്രൊഫഷണൽ ജീവിതത്തിലും പൊതുജീവിതത്തിലും സാധാരണക്കാർക്കൊപ്പം നിലകൊണ്ടു. സാധാരണക്കാർക്കിടയിൽ പ്രവർത്തിച്ചതിലൂടെയും അഭിഭാഷക വൃത്തിയിലൂടെയും ലഭിച്ച അനുഭവ സമ്പത്ത് ഒന്നുചേർന്ന് അദ്ദേഹത്തിലെ പൊതുപ്രവർത്തകനെ രൂപപ്പെടുത്തി എന്നുവേണം കരുതാൻ. പ്രാദേശിക തലത്തിൽനിന്നും പടിപടിയായി സംസ്ഥാന നേതൃതലം വരെ അദ്ദേഹം ഉയർന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധി എന്ന നിലയിൽനിന്നും ഈ സഭയുടെ അധ്യക്ഷനായും സംസ്ഥാനത്തെ മന്ത്രിയായും അദ്ദേഹം വളർന്നു. അങ്ങനെ നോക്കുമ്പോൾ പി. പി. തങ്കച്ചൻ ജനാധിപത്യ പ്രക്രിയയുടെ ഒട്ടുമിക്ക തലങ്ങളിലും നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. ജനപ്രതിനിധിയായിരുന്ന ഘട്ടത്തിലെല്ലാം അദ്ദേഹം ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അത് അദ്ദേഹത്തിന് നേടിക്കൊടുത്ത ജനസമ്മതി വളരെ വലുതായിരുന്നു. നിയമസഭാധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹം നടത്തിയ ഇടപെടലുകൾ ഈ സഭയുടെ ചരിത്രത്തിലെ ശ്രദ്ധിക്കപ്പെട്ട

അധ്യായങ്ങളാണ്. ഈ നിയമസഭയുടെ പ്രഗത്ഭരായ അധ്യക്ഷന്മാരുടെ നിരയിലാണ് അദ്ദേഹത്തിന്റെ സ്ഥാനം. കൃഷി വകുപ്പുമന്ത്രിയായിരുന്ന ഘട്ടത്തിൽ കാർഷിക മേഖലയുടെ ഉന്നമനത്തിനായുള്ള നിരവധി മുൻകൈകൾ അദ്ദേഹത്തിൽനിന്നുമുണ്ടായി. കൃഷി വകുപ്പ് അവധാനതയോടെ അദ്ദേഹം കൈകാര്യം ചെയ്തു. ഏറ്റെടുത്ത ചുമതലകൾ കൃത്യമായി നിറവേറ്റുന്നതിനോടൊപ്പംതന്നെ തന്റെ കീഴിയുള്ള വകുപ്പിനെക്കുറിച്ച് ഗാഢമായി പഠിക്കാനും അവഗാഹത്തോടെ കാര്യങ്ങൾ അവതരിപ്പിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. പി. പി. തങ്കച്ചന്റെ രാഷ്ട്രീയ ജീവിതം പൊതുപ്രവർത്തകർക്കാകെ, പ്രത്യേകിച്ച് പുതുതലമുറയ്ക്ക് മികച്ചൊരു റഫറൻസാണ്. സൗമ്യതയും സമന്വയവും ജീവിത ആദർശമായി ഉയർത്തിപ്പിടിച്ച പി. പി. തങ്കച്ചന്റെ നിര്യാണത്തോടെ ആധുനിക കേരളത്തിന്റെ രാഷ്ട്രീയ വികാസ പരിണാമങ്ങൾക്കൊപ്പം സഞ്ചരിച്ച ഒരു അധ്യായം അവസാനിച്ചിരിക്കുകയാണ്. പി. പി. തങ്കച്ചന്റെ വിയോഗത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മളെ വിട്ടുപിരിഞ്ഞ പരിണിതപ്രജ്ഞരായ മൂന്ന് നേതാക്കളെക്കുറിച്ച്

സഭാനാഥനായ അങ്ങും സഭാനേതാവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പങ്കുവച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്.

വിസ്മയകരമായ ഒരു രാഷ്ട്രീയ ജീവിതത്തെയാണ് വി. എസ്. അച്യുതാനന്ദന്റെ രാഷ്ട്രീയ ജീവിതത്തിലൂടെ രാഷ്ട്രീയ വിദ്യാർത്ഥികളായ നമുക്ക് നോക്കിക്കാണാൻ കഴിയുന്നത്. അങ്ങ് പറഞ്ഞതുപോലെ ദുരിതപൂർണ്ണമായ ബാല്യവും കൗമാരവും സംഭവബഹുലമായ യുവത്വവും പിന്നിട്ട് അനുഭവങ്ങളുടെ പിന്തുണയോടുകൂടിയാണ് അദ്ദേഹം കേരള രാഷ്ട്രീയത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ചത്. അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ, കഷ്ടപ്പാടുകളും ദുരിതങ്ങളും നിറഞ്ഞ ജീവിതം, സാധാരണക്കാരോടൊപ്പമുള്ള ഇടപെടലുകൾ എല്ലാംതന്നെ അദ്ദേഹത്തെ ഒരു മികച്ച രാഷ്ട്രീയ നേതാവാക്കി മാറ്റിയെടുക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്ന് നമുക്കറിയാം. ഞാൻ എപ്പോഴും അത്ഭുതത്തോടുകൂടി നോക്കിക്കാണുന്നത് എല്ലാ ലോകരാജ്യങ്ങളിലും രാഷ്ട്രീയ സാമൂഹ്യ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് മധ്യവർഗമാണ്. ആ മധ്യവർഗത്തിന് കേരളത്തിലുൾപ്പെടെയുള്ള എല്ലാ സ്ഥലങ്ങളിലെയും രാഷ്ട്രീയ തീരുമാനങ്ങൾ എടുക്കുന്നതിൽ നിർണ്ണായകമായ പങ്കുണ്ട്. ഒരു കാലഘട്ടത്തിൽ

കേരളത്തിലെ മധ്യവർഗം വി. എസ്. അച്ചുതാനന്ദനെ മുഖ്യമന്ത്രിയായി സ്വപ്നം കണ്ടിട്ടുപോലുമില്ല. അദ്ദേഹത്തിന്റെ ഭാഷയും അവർ വിശേഷിപ്പിച്ച പഴഞ്ചൻ സമീപനങ്ങളുമൊന്നും കേരളത്തിലെ മധ്യവർഗത്തിന് ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല. പക്ഷെ പിന്നീട്, തന്നെ പഴഞ്ചനായി കണ്ട, തന്നെ ഇഷ്ടമില്ലാതിരുന്ന ഒരു മധ്യവർഗത്തിനിടയിൽ ഏറ്റവും ജനപ്രീതിയുള്ള ഒരു നായകനായി മാറാൻ അദ്ദേഹത്തിന് കഴിഞ്ഞു എന്നുള്ളതാണ് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ മാറ്റം. തന്നെ ഇഷ്ടമില്ലാതിരുന്ന ഒരു വിഭാഗത്തിന്റെ ഇടയിൽ അവരുടെ ഏറ്റവും പ്രിയപ്പെട്ടവനായി മാറാൻ അദ്ദേഹത്തിന്റെ നടപടികളും സമീപനങ്ങളുമെല്ലാം കാരണമായി. ഞങ്ങൾക്കെല്ലാം രാഷ്ട്രീയമായി പല വിയോജിപ്പും അദ്ദേഹത്തിന്റെ പല നിലപാടുകളോടും ഉണ്ടായിരുന്നു. എന്നാൽ ചില കാര്യങ്ങളിൽ യോജിപ്പും ഉണ്ടായിരുന്നു. അദ്ദേഹം മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രതിപക്ഷത്തുണ്ടായിരുന്ന ഒരാളാണ് ഞാൻ. നിരവധി ഭൂമി പ്രശ്നങ്ങൾ, ലോട്ടറി ഉൾപ്പെടെയുള്ള വിഷയങ്ങൾ കൊണ്ടുവന്നപ്പോൾ അദ്ദേഹം പ്രതിപക്ഷത്തോടൊപ്പം ചേരുന്നത് ഞാൻ കണ്ടു. ഭൂമി പ്രശ്നങ്ങളിലെല്ലാം അതിശക്തമായ നിലപാട് അദ്ദേഹമെടുത്തു.

എച്ച്.എം.ടി. ഭൂമി പ്രശ്നവും തോഷിബാ ആനന്ദിന്റെ ഭൂമി വിഷയവും ഉണ്ടായപ്പോൾ അദ്ദേഹം പ്രതിപക്ഷത്തോടൊപ്പമായിരുന്നു. ലോട്ടറി മാഫിയയെക്കുറിച്ചുള്ള ആരോപണങ്ങൾ ഞങ്ങൾ ഉയർത്തിയപ്പോൾ എൺപതിനായിരം കോടി രൂപ നാല് വർഷം കൊണ്ട് ലോട്ടറി മാഫിയ കേരളത്തിലേക്ക് കടത്തി എന്നുള്ള പ്രഖ്യാപിതമായ, വിഖ്യാതമായ ഒരു പ്രസ്താവന നടത്തി അദ്ദേഹം പ്രതിപക്ഷത്തോടൊപ്പം ചേർന്നു. ഭരണത്തിലിരിക്കുമ്പോഴും ഒരു പ്രതിപക്ഷ മനോഭാവം അദ്ദേഹത്തിന്റെ ജീവിതത്തിൽ എപ്പോഴുമുണ്ടായിരുന്നു. അതൊരു പ്രത്യേകതയാണ്. വളരെ അപൂർവംപേർക്ക് മാത്രം ഉൾക്കൊള്ളാൻ കഴിയുന്ന ചില കാര്യങ്ങളിലുള്ള നിലപാടുകൾ, പാരിസ്ഥിതികമായ പ്രശ്നങ്ങളിൽ, ഭൂമി പ്രശ്നങ്ങളിൽ, പിന്നാക്ക ജനവിഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ, പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ വിഷയങ്ങളിൽ എന്നിവയിലെല്ലാം അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ രൂപപ്പെടുത്തിയെടുത്ത ചില അഭിപ്രായങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. അതാണ് അദ്ദേഹത്തെ കേരളത്തിൽ വളരെ വ്യത്യസ്തനായ ഒരു രാഷ്ട്രീയ നേതാവാക്കി മാറ്റിയത്. കേരളം എന്നും ഓർത്തുവയ്ക്കുന്ന ഹൃദയത്തിൽ സൂക്ഷിച്ചുവയ്ക്കുന്ന ഒരു

മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സമുന്നതനായ ഒരു രാഷ്ട്രീയ നേതാവുമാണ് അദ്ദേഹമെന്ന് പ്രത്യേകം പരാമർശിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ആദരവുകൾ അർപ്പിക്കുന്നു.

വാഴൂർ സോമൻ പെട്ടെന്നാണ് നമ്മളിൽനിന്നും വേർപ്പെട്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ അവിശ്വസനീയമായ ഒരു വാർത്തയായിരുന്നു ഒരു യോഗത്തിനുശേഷം അദ്ദേഹം പെട്ടെന്ന് കുഴഞ്ഞുവീണ് മരിച്ചു എന്നുള്ളത്. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും ഏറ്റവും സരസനായ ഒരു നിയമസഭാംഗമായിരുന്നു അദ്ദേഹം. ഞാൻ അദ്ദേഹവുമായി എപ്പോഴും സംസാരിക്കാൻ ആഗ്രഹിച്ചിരുന്ന ഒരാളാണ്. നമ്മുടെ ഏത് അവസ്ഥയിലും അദ്ദേഹത്തിന്റെ സരസമായ സംഭാഷണം നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യും. ദീർഘകാലം രാഷ്ട്രീയ പ്രവർത്തന രംഗത്ത്, പ്രത്യേകിച്ച് ഇടുക്കി പോലുള്ള ഒരു പിന്നാക്ക ജില്ലയിൽ ഒരുപാട് പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിച്ച് രാഷ്ട്രീയ പ്രവർത്തനം നടത്തിയ ഒരാളാണ് അദ്ദേഹം. ഇടുക്കി ജില്ലയിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ മുൻനിരയിൽ നിന്നിരുന്ന പ്രമുഖ നേതാക്കളിൽ

ഒരാളായിട്ടാണ് അദ്ദേഹത്തെ നമ്മളെല്ലാവരും എപ്പോഴും കണക്കാക്കുന്നത്. എഴുപതുകളിൽ ട്രേഡ് യൂണിയൻ പ്രവർത്തനത്തിനിടയിൽ ക്രൂരമായ ആക്രമണത്തിന് വിധേയനായി മരണത്തിന് അടുത്തെത്തിയ ഒരാളായിരുന്ന വാഴൂർ സോമൻ. മരണത്തിനും ജീവിതത്തിനും ഇടയിലുള്ള നൂൽപാലത്തിലൂടെ സഞ്ചരിച്ചാണ് അദ്ദേഹം ആ ക്രൂരമായ ആക്രമണത്തിൽനിന്നും രക്ഷപ്പെട്ട് വീണ്ടും രാഷ്ട്രീയ ജീവിതത്തിലേക്ക് തിരിച്ചുവന്നത്. ശ്രദ്ധേയമായ വാക്കുകളിലൂടെ താൻ പ്രതിനിധാനം ചെയ്യുന്ന ജനതയുടെ താൽപര്യങ്ങൾ എപ്പോഴും ഉയർത്തിപ്പിടിക്കണമെന്നുള്ള ആഗ്രഹം അദ്ദേഹം നിയമസഭയിൽ നടത്തിയ പ്രസംഗങ്ങളിൽനിന്ന് നമുക്ക് വ്യക്തമാകും. താൻ പ്രതിനിധാനം ചെയ്യുന്ന ജനങ്ങളുടെ അവകാശങ്ങൾക്കും പ്രശ്നങ്ങൾക്കുംവേണ്ടി എപ്പോഴും വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുത്ത രാഷ്ട്രീയ നേതാവും നിയമസഭാംഗവുമായിരുന്ന വാഴൂർ സോമൻ എന്ന് ഞാൻ ഈ അവസരത്തിൽ ഓർക്കുകയും അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിക്കുകയും ചെയ്യുന്നു.

(തുടരും....)

P. 15-09-2025
RA-AN (1)

9.30-9.40 SY

(ശ്രീ. വി. ഡി. സതീശൻ തുടർച്ച.........)

ഞങ്ങൾക്കെല്ലാം ഗുരുതുല്യനും പിതൃതുല്യനുമായ ഒരാളായിരുന്ന പി. പി. തങ്കച്ചൻ. ബഹുമാനപ്പെട്ട അങ്ങും ബഹുമാന്യനായ മുഖ്യമന്ത്രിയും അദ്ദേഹം വഹിച്ച സ്ഥാനങ്ങളെക്കുറിച്ചെല്ലാം ഇവിടെ വിശദീകരിച്ചു. സംഘടനാരംഗത്ത് അദ്ദേഹം ശ്രദ്ധേയമായ സ്ഥാനങ്ങൾ വഹിച്ചിരുന്നു. മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് മുതൽ ബ്ലോക്ക് പ്രസിഡന്റ്, എറണാകുളം ജില്ലാ കോൺഗ്രസ് കമ്മിറ്റി അധ്യക്ഷൻ, കെ.പി.സി.സി. അധ്യക്ഷൻ എന്നീനിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ദീർഘകാലം യു.ഡി.എഫ്.-ന്റെ കൺവീനറായി പ്രവർത്തിച്ച അദ്ദേഹം ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ മുനിസിപ്പൽ ചെയർമാനായിരുന്നു. നാലുപ്രാവശ്യം പെരുമ്പാവൂരിനെ പ്രതിനിധാനം ചെയ്ത് മന്ത്രിയായും സ്പീക്കറായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഏത് സ്ഥാനത്തിരുന്നാലും അദ്ദേഹം സ്വന്തമൊരു സിഗ്നേച്ചർ അവിടെ അവശേഷിപ്പിച്ചിട്ടാണ് കടന്നുപോയിട്ടുള്ളത്. സൗമ്യമായ പെരുമാറ്റവും മിതമായ ഭാഷണവുംകൊണ്ട് എല്ലാവരെയും ആകർഷിക്കുന്ന, കാപാട്യം ഒട്ടുമില്ലാത്ത ഒരു വ്യക്തിയാണ് അദ്ദേഹം.

കാപട്യം നിറഞ്ഞ ഒരു വാക്കുപോലും അദ്ദേഹത്തിന്റെ നാവിൽനിന്ന് ഒരിക്കലും വന്നിട്ടില്ല. ഏത് സങ്കീർണ്ണമായ വിഷയങ്ങളും അദ്ദേഹത്തിന്റെ മുന്നിൽകൊണ്ടുപോയാൽ, വളരെ രസകരമായ പുഞ്ചിരിയോടുകൂടി ആ വിഷയങ്ങളിൽ വിസ്മയകരമായ വേഗതയിൽ പരിഹാരമുണ്ടാക്കി നൽകുന്ന ഒരാളുകൂടിയായിരുന്നു അദ്ദേഹമെന്ന് ഞാൻ ഈയവസരത്തിൽ പ്രത്യേകം അനുസ്മരിക്കുന്നു. നേരത്തെ പറഞ്ഞതുപോലെ, താൻ പ്രതിനിധാനം ചെയ്യുന്ന ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഏതറ്റംവരെയും പോകാൻ തയ്യാറായൊരു ജനപ്രതിനിധിയും രാഷ്ട്രീയനേതാവുമായിരുന്നു അദ്ദേഹം. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം എറണാകുളത്തെ കേരളത്തിന് സംഭാവന ചെയ്ത ഒരു രാഷ്ട്രീയനേതാവുകൂടിയായിരുന്നു അദ്ദേഹം. ഞങ്ങളുടെ ജില്ലയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ കെട്ടിപ്പടുക്കാൻ ഒരുപാട് ത്യാഗപൂർണ്ണമായ സേവനം നടത്തിയിട്ടുള്ള ഒരു രാഷ്ട്രീയ നേതാവുകൂടിയായിരുന്നു പി. പി. തങ്കച്ചൻ. ഞങ്ങൾക്കെല്ലാം വ്യക്തിപരമായി ഒരുപാട് വാത്സല്യവും സ്നേഹവും പകർന്നുനൽകിയിട്ടുള്ള, എല്ലാ ഘട്ടങ്ങളിലും ഞങ്ങൾക്ക് ആത്മവിശ്വാസവും ധൈര്യവും നൽകി മുന്നോട്ടുപോകാൻ ഞങ്ങളെ

എപ്പോഴും സഹായിച്ചിട്ടുള്ള ഗുരുതുല്യനായ ഒരു രാഷ്ട്രീയ നേതാവും ശ്രദ്ധേയനായ സ്പീക്കറുമായിരുന്നു അദ്ദേഹം. ഒരു വിവാദത്തിലുംപെടാത്ത, കൃഷി വകുപ്പിൽ ശ്രദ്ധേയമായ ചിലമാറ്റങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞ കൃഷി വകുപ്പുമന്ത്രിയായിരുന്നു. അദ്ദേഹം വഹിച്ച സ്ഥാനങ്ങളോടെല്ലാം പൂർണ്ണമായും നീതി പുലർത്തി. താൻ ധരിച്ചിരിക്കുന്ന വസ്ത്രത്തിൽ ഒരു കറുത്ത പുള്ളിപോലും വീഴാതെ സത്യസന്ധമായ രാഷ്ട്രീയ പ്രവർത്തനം നടത്തി മടങ്ങിപോകുകയാണ് പി. പി. തങ്കച്ചൻ ചെയ്തത്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ നിറഞ്ഞ ആദരവുകൾ അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സൂചിപ്പിച്ചതുപോലെ, സഖാവ് വി. എസ്. അച്യുതാനന്ദൻ കേരള രാഷ്ട്രീയത്തിൽ ഒരിക്കലും മറക്കാൻ കഴിയാത്ത സംഭാവന നൽകിയ നേതാവായിരുന്നു. ചില കാലങ്ങളിൽ ജീവിച്ചിരിക്കുന്നതുകൊണ്ടുമാത്രം ചരിത്രമാകുന്ന ജനതകളുണ്ട്. ചില വ്യക്തികൾ ജീവിച്ചിരിക്കുന്നു എന്നതാകാം ചിലപ്പോഴൊക്കെ ചില കാലങ്ങൾ അടയാളപ്പെടുത്തുന്നത്. ചില വ്യക്തികൾ തലമുറകളിലൂടെ

അനശ്വരമാക്കപ്പെടുന്നു. ദുരിതജീവിതംമാത്രം അറിയാവുന്ന കർഷകത്തൊഴിലാളികളുൾപ്പെടെയുള്ള പണിയെടുക്കുന്നവർക്ക് നിശ്ചയദാർഢ്യത്തിന്റെ കരുത്തും പ്രതീക്ഷയുമായിരുന്ന വി.എസ്., സമരകേരളത്തിന്റെ രാഷ്ട്രീയമുഖമായിരുന്നു. ഭൂരിപക്ഷ തീരുമാനം ന്യായത്തിന് എതിരാകുമ്പോൾ അതിന് വഴങ്ങാതിരിക്കുകയെന്നത് ചെറിയ കാര്യമല്ല. അതിന് ഉൾക്കരുത്തും തന്റേടവും ഒന്നുവേറെതന്നെ വേണം. ഇതെല്ലാം വി.എസ്.-ൽ നമുക്ക് കാണാൻ കഴിയും. ഉറച്ച നിലപാടും നിശ്ചയദാർഢ്യവുമായിരുന്നു വി.എസ്.-ന്റെ പോരാട്ടത്തിന്റെ അടിത്തറ. മറയൂരിലെ ചന്ദനക്കൊള്ള, പ്ലാച്ചിമടയിലെ കുടിവെള്ള പ്രശ്നം, നഴ്സിങ് സമരം, പെമ്പിളൈ ഒരുമൈ സമരം, അനധികൃത ഭൂമി കൈയേറ്റത്തിനെതിരായ സമരം, കർഷക തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനായുള്ള പോരാട്ടം ഇതെല്ലാം അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്നും നമുക്ക് വായിച്ചെടുക്കാൻ സാധിക്കും. ഈ സമരങ്ങളെല്ലാം അദ്ദേഹത്തിന്റെ ജനകീയ നേതൃത്വത്തിന്റെയും ആദർശനിഷ്ഠയുടെയും പ്രതിഫലനമാണ്. കേരളത്തിന്റെ ഏറ്റവും ജനകീയനായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമായിരുന്ന വി. എസ്. അച്ചുതാനന്ദൻ.

തിരുവിതാംകൂറിലും പിന്നീട് കേരളത്തിലും നടന്ന തൊഴിലാളിവർഗ്ഗ രാഷ്ട്രീയപോരാട്ടങ്ങളുടെ ഒരു യുഗമാണ് വി.എസ്.-ന്റെ വിടവാങ്ങലിലൂടെ അവസാനിച്ചത്. ജീവിതപ്രയാസങ്ങളുടെ കനൽവഴികൾ കടന്നാണ് അദ്ദേഹം വന്നത്. അതാണ് പിൽക്കാല പോരാട്ടങ്ങളുടെ പാതയിൽ ഇടറാതെ നിൽക്കാൻ അദ്ദേഹത്തിന് കരുത്തായത്. നാലാം വയസ്സിൽ അമ്മയും പതിനൊന്നാമത്തെ വയസ്സിൽ അച്ഛനും നഷ്ടപ്പെട്ടു. അവിടെനിന്ന് പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്ത് മുന്നോട്ടുപോയ അദ്ദേഹം കേരള രാഷ്ട്രീയത്തിൽ ഒരിക്കലും മറക്കാത്ത നേതാവായി മാറി. പ്രൊഫസർ എം. കുഞ്ഞാമൻ മുഖ്യമന്ത്രിയായിരുന്ന വി.എസ്.-നെ കാണാൻ സെക്രട്ടേറിയറ്റിലേക്ക് പോയ സന്ദർഭം വിവരിക്കുന്നത് ഇങ്ങനെയാണ്, "അവിടെ വി.എസ്. ഇരിക്കുന്നു. നമ്മളെപോലെ ഒരാളായിട്ട്". വി.എസ്. കേരളം കണ്ട ഏറ്റവും ജനകീയനായ മുഖ്യമന്ത്രിയും നേതാവുമായതിന്റെ കാരണം മറ്റൊന്നല്ല, ജനങ്ങൾ അവരിലൊരാളായി അദ്ദേഹത്തെ കണ്ടു. കലർപ്പില്ലാത്ത നിലപാടുകളിലൂടെ ആ വിശ്വാസം അദ്ദേഹം കാത്തുസൂക്ഷിച്ചു. കേരളത്തിലെ ഹരിതരാഷ്ട്രീയം അടയാളപ്പെടുത്തിയ നേതാവ് എന്നാണ് ഇന്ന് തലമുറകൾ വി.എസ്.-നെ വിലയിരുത്തുന്നത്. പശ്ചിമഘട്ട ആവാസ

വ്യവസ്ഥയും തണ്ണീർത്തടങ്ങളും വയലുകളുമാണ് ഇവിടത്തെ മണ്ണിനെയും മനുഷ്യനെയും മറ്റുജീവജാലങ്ങളെയും നിലനിർത്തുന്നതും കാലാവസ്ഥയെ ക്രമീകരിക്കുന്നതെന്നും അദ്ദേഹം പൂർണ്ണമായും വിശ്വസിച്ചു. ഇക്കാര്യത്തിൽ ഒരു മതരാഷ്ട്രീയ ശക്തികളുടെ സമ്മർദ്ദങ്ങൾക്കും അദ്ദേഹം വഴങ്ങിയിട്ടില്ല. ഇടപെടേണ്ട സമയത്ത് മൗനം അവലംബിക്കുകയാണെങ്കിൽ അത് ധാർമ്മികതയുടെ മരണമാണ്, അധികാരത്തോട് സത്യം വിളിച്ചുപറയുന്നത് വിപ്ലവമാണ്. ധാർമ്മികതയായിരുന്നു അദ്ദേഹത്തിന്റെ ധിക്കാരത്തിന്റെ പിൻബലം. വിപ്ലവകാരിക്ക് ധിക്കാരം അന്യമല്ല. വിജയങ്ങളേക്കാളുപരി പരാജയങ്ങൾ വി.എസ്.-നെ നിർവചിക്കുകയും നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ പരാജയത്തിൽ ചിലതെല്ലാം നിലപാടുകളുടെ വിജയമായിരുന്നു എന്നുകൂടി നാം കാണണം. 1997-ൽ കേരളം കണ്ട പ്രധാന പ്രക്ഷോഭത്തിന്റെ മുന്നണി പോരാളിയായിരുന്നു അദ്ദേഹം. കുട്ടനാട്ടിൽ നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനെതിരായി കർഷക തൊഴിലാളികളെ ഒന്നിച്ചുകൊണ്ടുവന്ന് നെൽവയലുകളുടെ സംരക്ഷണം ഉറപ്പാക്കാൻ ശക്തമായ പ്രക്ഷോഭങ്ങൾ നടത്തി. പിൽക്കാലത്തെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും

സംരക്ഷണത്തിനായുള്ള നിയമനിർമ്മാണത്തിന് ഈ സമരം പ്രധാന കാരണമായി. അദ്ദേഹം കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് 2008-ൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽവന്നത്. നിലപാടുകളുടെ ഈ തുടർച്ചയാണ് കേരളത്തെ അദ്ദേഹത്തോടൊപ്പം നിർത്തിയത്. അതുകൊണ്ടാണ് വി.എസ്. എന്ന രണ്ടക്ഷരം ലക്ഷോപലക്ഷങ്ങൾക്ക് പ്രതീക്ഷയുടെ വെളിച്ചമായത്. അഴിമതിക്കെതിരായ പോരാട്ടം, സാമൂഹ്യനീതി തുടങ്ങിയ വിഷയങ്ങളിൽ അദ്ദേഹത്തിന്റെ ഉറച്ചനിലപാടുകളും പ്രസക്തമാണ്. കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ ചരിത്രത്തിൽ അദ്ദേഹത്തിന്റെ സംഭാവനകൾ അവിസ്മരണീയമാണ്. സൂര്യനെല്ലി, ഐസ്ക്രീംപാർലർ, കിളിരൂർ കേസ്സുകളിൽ വി.എസ്. നടത്തിയ ഇടപെടലുകൾ ഒരു കമ്മ്യൂണിസ്റ്റ് നേതാവിന്റെ സാമൂഹ്യബോധം വ്യക്തമാക്കുന്നതായിരുന്നു. ജനങ്ങളുടെ വേദനകൾ മനസ്സിലാക്കി അവർക്കായി പോരാടുകയെന്നത് വി.എസ്.-ന്റെ സ്ഥിരം സമീപനമായിരുന്നു. 2015-ൽ തൊണ്ണൂറാം വയസ്സിൽ അദ്ദേഹത്തിന്റെ പോരാട്ടവീര്യം കേരളം കണ്ടതാണ്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കൊപ്പം ആയിരുന്നു വി.എസ്.

പോരാട്ടത്തിനിറങ്ങിയത്. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങൾക്ക് നീതി നേടികൊടുക്കാൻ വി.എസ്.-ന്റെ നേതൃത്വത്തിൽ തുടങ്ങിയ സമരം വൻജനകീയ പ്രക്ഷോഭമായി ദേശീയ ശ്രദ്ധനേടി. ഒപ്പം നിൽക്കാൻ ആരുണ്ടെന്നും അപ്പുറത്താരാണെന്നും നോക്കിയല്ല വി.എസ്. ഇത്തരം വിഷയങ്ങളേറ്റെടുത്തത്. പാമോയിൽ, ഇടമലയാർ അഴിമതി കേസ്സുകളിൽ വി.എസ്. നടത്തിയ പോരാട്ടം സമാനതകളില്ലാത്തതായിരുന്നു. വ്യവഹാരങ്ങൾ എത്രകാലം നീണ്ടാലും വി.എസ്.-ന് വീട്ടുവിഴ്ചയില്ലായിരുന്നു. അസാധാരണ പോരാട്ടമനസ്സും അപൂർവ പ്രതിഭാസവുമായി അദ്ദേഹം എപ്പോഴും അടയാളപ്പെട്ടുകിടക്കുന്നു. കേരള ചരിത്രത്തിലിങ്ങനെ ഒരാളുണ്ടായിരുന്നുവെന്ന് വരുംതലമുറ അത്ഭുതാദരങ്ങളോടെ ഓർക്കുന്ന ജീവിതം ബാക്കിയാക്കിയാണ് വി. എസ്. വിടവാങ്ങിയത്. ഒത്തുതീർപ്പ് രാഷ്ട്രീയത്തിന്റെ വഴി അദ്ദേഹത്തിനൊരിക്കലും സ്വീകാര്യമായിരുന്നില്ല. അദ്ദേഹം അഴിമതിക്കെതിരെ ആരോപണം ഉന്നയിക്കുക മാത്രമല്ല, നിരന്തര നിയമപോരാട്ടത്തിലൂടെ ശിക്ഷ വാങ്ങിക്കൊടുക്കുകയും ചെയ്തിട്ടുണ്ടെന്ന് കാണാൻ കഴിയും. ഒന്നര പതിറ്റാണ്ട് കേരളത്തിന്റെ പ്രതിപക്ഷ

നേതാവായിരുന്ന വി. എസ്., പ്രതിപക്ഷനേതാവിന്റെ പദവി എന്താണെന്ന് കേരളത്തെ പഠിപ്പിച്ച നേതാവുകൂടിയാണ്. കേരള രാഷ്ട്രീയ ചരിത്രത്തിലെ വിസ്മരിക്കാനാകാത്ത വ്യക്തിത്വങ്ങളിൽ ഒരാളാണ് വി. എസ്.. കേരള രാഷ്ട്രീയത്തിൽ വി.എസ്. എന്ന രണ്ടക്ഷരം തലമുറകളുടെ ഓർമ്മകളിൽ തുടിച്ചുനിൽക്കും. ആ ഓർമ്മകൾ ഏതൊരു പൊതുപ്രവർത്തകനും കരുത്താണ്. ഈ സന്ദർഭത്തിൽ പ്രിയങ്കരനായ വി.എസ്.-ന്റെ വേർപാടിൽ ഞാൻ ദുഃഖം രേഖപ്പെടുത്തുന്നു.

നമ്മുടെ കൂട്ടത്തിലൊരാളായി ഈ സഭയിൽ കടന്നുവന്നയാളാണ് വാഴൂർ സോമൻ. എനിക്ക് വളരെ ചെറുപ്പത്തിലെ നേരിട്ടറിയാവുന്ന ഒരു പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. വിദ്യാർഥി സംഘടനയായ എ.ഐ.എസ്.എഫ്. ന്റെ പ്രവർത്തനത്തിലൂടെയാണ് അദ്ദേഹം രാഷ്ട്രീയ രംഗത്തുവന്നത്. തുടർന്ന് അങ്ങോട്ട് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട പ്രവർത്തനരംഗമെന്ന് പറയുന്നത് ട്രേഡ് യൂണിയൻ രംഗമായിരുന്നു. ജനനം കോട്ടയത്തെ വാഴൂരിലാണെങ്കിലും അദ്ദേഹം കർമ്മമണ്ഡലമായി തീരുമാനിച്ച് ചെന്നെത്തിയത് ഇടുക്കിയിലെ പീരുമേട്ടിലാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇടുക്കിയിൽ തൊഴിലാളി പ്രസ്ഥാനം

കെട്ടിപ്പടുക്കുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംഘടനാ പ്രവർത്തനം നിലനിർത്തുന്നതിനുവേണ്ടി വലിയ പോരാട്ടങ്ങൾ നടത്തിയിട്ടുള്ള വ്യക്തിയാണ് സഖാവ് വാഴൂർ സോമൻ എന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. തൊഴിലാളി പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കിടയിൽ അദ്ദേഹത്തിന് പ്രതിയോഗികളുടെ അക്രമങ്ങളും കൊടിയ മർദ്ദനങ്ങളും ഏറ്റുവാങ്ങേണ്ടിവന്നിട്ടുണ്ട്. അദ്ദേഹം പൊലീസിന്റെ ക്രൂരമായ മർദ്ദനങ്ങൾക്ക് വിധേയനായിട്ടുണ്ട്. അദ്ദേഹം നടക്കുന്നത് നമ്മൾ കണ്ടിട്ടില്ലേ? നടുനിവർത്തി നടക്കാൻ കഴിയാത്തരീതിയിലേക്ക് അദ്ദേഹത്തെ എത്തിച്ചതിന്റെ പിന്നിൽ കൊടിയ മർദ്ദനങ്ങളായിരുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. അതെല്ലാം നേരിടേണ്ടി വന്നിട്ടും വളരെ പ്രയാസകരമായ സാഹചര്യത്തിലൂടെ പൊതുപ്രവർത്തനം നടത്താൻ കഴിയുന്ന ഇടുക്കിയുടെ മണ്ണിൽ വിട്ടുവീഴ്ചയില്ലാത്ത പ്രവർത്തനമായിരുന്നു അദ്ദേഹം നടത്തിയത്. പ്രത്യേകിച്ച് തോട്ടം തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ, തോട്ടം തൊഴിലാളികളുടെ ദുരിതപൂർണ്ണമായ ജീവിതത്തെക്കുറിച്ച് സഭയ്ക്കകത്തും പുറത്തും അദ്ദേഹം സംസാരിക്കാത്ത ഒരുകാലവുമുണ്ടായിട്ടില്ല.

സഭയ്ക്കകത്തുവരുന്നതിനുമുമ്പും സഭയ്ക്കകത്ത് വന്നതിനുശേഷവും അദ്ദേഹം ഇക്കാര്യങ്ങളെല്ലാം പറയുമായിരുന്നു. അദ്ദേഹത്തിന്റെ അവസാന സന്ദർഭത്തിലും, അപ്രതീക്ഷിതമായി നമ്മളിൽ ഞെട്ടലുളവാക്കിക്കൊണ്ട് ഒരു യോഗത്തിൽ പങ്കെടുത്തുകൊണ്ടിരിക്കെ വളരെപെട്ടെന്നാണ് നമ്മുടെ ഇടയിൽനിന്ന് അദ്ദേഹം വിടവാങ്ങിയത്. അപ്പോഴെല്ലാം അദ്ദേഹം സംസാരിച്ചുകൊണ്ടേയിരുന്നത് ഈ പാവങ്ങളുടെ പ്രശ്നവും ഇടുക്കിയിലെ ജനങ്ങളുടെ ഭൂമി പ്രശ്നവുമായിരുന്നുവെന്നത് അദ്ദേഹത്തിന് സാമൂഹ്യപ്രശ്നങ്ങളിൽ എത്രയേറെ ബോധ്യമുണ്ടെന്നും അദ്ദേഹം ഏതുവിഭാഗത്തോടൊപ്പം നിൽക്കുന്നുവെന്നതും തെളിയിക്കുന്നതായിരുന്നു. സഖാവ് വാഴൂർ സോമന്റെ അകാല നിര്യാണത്തിലുള്ള ദുഃഖവും ഞാൻ ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുകയാണ്.

മുൻ നിയമസഭാ സ്പീക്കറും കേരളത്തിലെ കൃഷി വകുപ്പുമന്ത്രിയുമായിരുന്ന പി. പി. തങ്കച്ചൻ, ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ ഏറ്റവും പ്രശസ്തനായ ഒരു സ്പീക്കർ എന്നനിലയിൽ കേരളത്തിൽ എപ്പോഴും ഓർക്കപ്പെടുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. കൃഷി വകുപ്പുമന്ത്രിയായിരുന്ന

കാലത്ത് അദ്ദേഹം കർഷകർക്കുവേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പ്രത്യേകിച്ച്, കാർഷിക മേഖലയോടുണ്ടായിരുന്ന അദ്ദേഹത്തിന്റെ താൽപര്യവും എല്ലാവിഭാഗം ജനങ്ങൾക്കും പ്രത്യേകിച്ച് കാർഷിക മേഖലയിലെ ജനങ്ങൾക്ക് നേട്ടമുണ്ടാക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. അദ്ദേഹം നിയമസഭയ്ക്ക് നൽകിയിട്ടുള്ള സേവനങ്ങളും കേരളത്തിൽ അദ്ദേഹത്തിന്റെ ഭരണാധികാര കാലഘട്ടത്തിൽ നടത്തിയിട്ടുള്ള സേവനങ്ങളുടെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലും അദ്ദേഹത്തെയും കേരളമൊരിക്കലും മറക്കാത്ത സാഹചര്യമാണുണ്ടായിരിക്കുന്നത്. പി. പി. തങ്കച്ചന്റെ വേർപാടിലും ഈ സന്ദർഭത്തിൽ ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ, കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ വലിയ സംഭാവന നൽകിയിട്ടുള്ള മൂന്ന് വ്യക്തികളുടെ ഓർമ്മയ്ക്കുമുമ്പിൽ എല്ലാവിധ ആദരവും അർപ്പിക്കുകയാണ്. ബഹുമാന്യനായ മുൻ മുഖ്യമന്ത്രിയും കേരള രാഷ്ട്രീയത്തിൽ ഒരു നൂറ്റാണ്ടിന്റെ സിംഹഭാഗവും നിറഞ്ഞുനിന്ന വി. എസ്.

അച്ചുതാനന്ദന്റെ രാഷ്ട്രീയനിലപാടുകളോട് യോജിപ്പും വിയോജിപ്പുമൊക്കെയുള്ളവരുണ്ടായിരിക്കാം. പക്ഷേ അദ്ദേഹമെന്ന നേതാവ് ദശകങ്ങളോളം കേരളത്തിൽ നടത്തിയ പൊതുപ്രവർത്തനങ്ങൾ, ചൂഷണത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും പരിസ്ഥിതിക്കും അതുപോലുള്ള നിരവധി കാര്യങ്ങൾക്കുംവേണ്ടി പലകാലഘട്ടങ്ങളിലും പല വിഷയങ്ങളിലും അദ്ദേഹം പോരാടി വന്ന ചരിത്രവും ഏവരും സമ്മതിച്ചുകൊടുക്കുന്ന ഒന്നുതന്നെയാണ്. കേരള രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം, ഇത്ര ദീർഘകാലം ഓരോ കാലഘട്ടങ്ങളിലും അതതു കാലഘട്ടത്തിന്റെ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് രാഷ്ട്രീയ പ്രവർത്തനം നടത്തുകയും അത് ചരിത്രത്തിന്റെ ഭാഗമാക്കുകയും വിവിധ കാലഘട്ടങ്ങളിലെ വിവിധ രാഷ്ട്രീയങ്ങളോടൊപ്പം സഞ്ചരിച്ച് വർത്തമാന കാലഘട്ടത്തിലെത്തുകയും എന്നിട്ട് വിട്ടുപിരിഞ്ഞുപോകുകയും ചെയ്ത അപൂർവ വ്യക്തിത്വങ്ങളിലൊന്നായി വി. എസ്. അച്ചുതാനന്ദന്റെ ചരിത്രം കേരളത്തിൽ അവശേഷിക്കുന്നുവെന്നുള്ളത് ഒരു വസ്തുത തന്നെയാണ്. അദ്ദേഹം എടുത്തിരുന്ന നിലപാടുകളോട് യോജിപ്പും വിയോജിപ്പുമൊക്കെയുണ്ടാകാം. കേരളത്തിലെ രാഷ്ട്രീയപ്രവർത്തനരംഗത്ത് നിരവധികാലമായുള്ള ഒരാളെന്ന

നിലയ്ക്ക്, ആദ്യകാലഘട്ടങ്ങളിൽ വലിയ സഹകരണത്തോടുകൂടി പ്രവർത്തിക്കാൻ കഴിഞ്ഞത് ഞാൻ ഓർമ്മിക്കുകയാണ്. ഡിജിറ്റൽ സാക്ഷരതയ്ക്കുവേണ്ടി അശ്രാന്ത പരിശ്രമം നടത്തി അക്ഷയകേന്ദ്രങ്ങൾ കൊണ്ടുവന്ന സന്ദർഭത്തിൽ, അദ്ദേഹം കലവറയില്ലാത്ത പിന്തുണ നൽകി എല്ലാകാര്യങ്ങളോടും യോജിച്ചതും ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിക്കുകയാണ്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം, അഭിപ്രായ വ്യത്യാസമുള്ള കാര്യങ്ങൾ ഒരു പാർട്ടി എന്ന നിലയ്ക്കും എല്ലാനിലയ്ക്കും ഉണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ വ്യക്തിത്വം വ്യത്യസ്തം തന്നെയാണ്. അദ്ദേഹം കേരളത്തിന് നൽകിയ സംഭാവന വളരെ വലുതാണ്, അത് ചരിത്രത്തിന്റെ ഭാഗമാണ്. അതുകൊണ്ട് എല്ലാവരും പറഞ്ഞതിനോട് യോജിക്കുകയാണ്.

നമ്മോടൊപ്പമുണ്ടായിരുന്ന വളരെ സൗമ്യനായ അംഗം വാഴൂർ സോമൻ ഒട്ടുംപ്രതീക്ഷിക്കാത്ത സന്ദർഭത്തിൽ വേർപെട്ടുപോയപ്പോൾ അഗാധമായ ദുഃഖം തോന്നി. നിയമസഭയിൽ വന്നതിനുശേഷമാണ് അദ്ദേഹത്തെ വളരെയടുത്ത് പരിചയപ്പെടാനിടയായത്. കാണുമ്പോഴൊക്കെ വലിയ സൗഹൃദവും പരസ്പരസ്നേഹവും പ്രകടിപ്പിക്കുന്ന ഒരു അംഗമായിരുന്ന വാഴൂർ

സോമൻ. അദ്ദേഹത്തിന്റെ നിഷ്കളങ്കതയും സമർപ്പിതബോധത്തോടുകൂടിയുള്ള പ്രവർത്തനവും ഏറെ ആകർഷിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളത് ഞാനിവിടെ പ്രത്യേകമായി എടുത്തുപറയുകയാണ്.

എല്ലാവരും സൂചിപ്പിച്ചതുപോലെതന്നെ, പ്രവർത്തനംകൊണ്ട് എല്ലാ സ്ഥാനത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചുപോയ ഒരാളാണ് പി. പി. തങ്കച്ചൻ. ആദ്യകാലത്ത് മുനിസിപ്പൽ ചെയർമാൻ, എം.എൽ.എ., സ്പീക്കർ, മന്ത്രി, യു.ഡി.എഫ്. കൺവീനർ എന്നീനിലകളിൽ പ്രവർത്തിച്ച അദ്ദേഹം, എപ്പോഴും ഉയർത്തിപ്പിടിച്ചിരുന്നത് ലാളിത്യവും സൗമ്യതയും സ്നേഹഭാവവും തന്നെയാണ്. പല പ്രശ്നങ്ങളും പരിഹരിക്കാൻ അദ്ദേഹത്തിന് അതൊരു ആയുധവുമായിരുന്നു. അദ്ദേഹം എപ്പോഴും ഒരു മധ്യസ്ഥ റോളിലായിരുന്നു. സഭാധ്യക്ഷൻ എന്നുള്ള നിലയിൽ..., വളരെ അപൂർവമായിട്ടേ അൽപം അലോസരപ്പെട്ട് സംസാരിക്കുന്നത് കണ്ടിട്ടുള്ളൂ, ആരോടും ദേഷ്യപ്പെടാറില്ല. സൗമ്യതയുടെ ഒരു ഭാവമായിരുന്ന, ക്ഷമ അങ്ങേയറ്റം പാലിച്ചിരുന്ന ഒരു സഭാധ്യക്ഷനായിരുന്നു പി. പി. തങ്കച്ചനെന്ന് പറയാതിരിക്കാൻ വയ്യ. ഞങ്ങളൊക്കെ വളരെ വ്യക്തിപരമായി സുഹൃത്തുക്കളായിരുന്നു. അദ്ദേഹം

പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ സൗഹൃദംകൊണ്ട് എല്ലാവരെയും ആകർഷിച്ച് പരസ്പരം കൂട്ടിയിണക്കി എന്നുംകൊണ്ടുപോയിരുന്ന ഒരാളെന്നുള്ള നിലയ്ക്ക് അദ്ദേഹത്തിന്റെ വിയോഗം വളരെ വേദനയുമുണ്ടാക്കി. നമുക്കൊക്കെയുണ്ടായ ഈ നഷ്ടങ്ങളിൽ....വിയോഗം എപ്പോഴും എല്ലാവർക്കും അനിവാര്യമാണ്. അതുകൊണ്ടുതന്നെ നമുക്കതിൽ സങ്കടപ്പെടുകയല്ലാതെ വഴിയില്ല. വി. എസ്. അച്യുതാനന്ദൻ, വാഴൂർ സോമൻ, പി. പി. തങ്കച്ചൻ എന്നിവരുടെ വിയോഗത്തിൽ, ദുഃഖത്തിൽ ഞാനും പങ്കുചേരുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, സഭാനാഥനും സഭാനേതാവും പ്രതിപക്ഷനേതാവും കക്ഷിനേതാക്കന്മാരും പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും യോജിക്കുകയാണ്. വി. എസ്. അച്യുതാനന്ദൻ ഒരു കാലഘട്ടത്തിന്റെ ഓർമ്മയായി നമ്മളിൽ ഇന്ന് മാറ്റപ്പെട്ടിരിക്കുകയാണ്. സമരങ്ങളിലൂടെ വളർന്ന്, പ്രതിസന്ധികളിൽ കലഹിച്ച് ജനങ്ങളോടൊപ്പം നിന്ന ഒരു രാഷ്ട്രീയക്കാരനായിരുന്നു അദ്ദേഹം. മുഖ്യമന്ത്രിയായും പ്രതിപക്ഷനേതാവായും കേരള ജനതയോടൊപ്പം നിന്ന അദ്ദേഹത്തെ രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന ഒരു വ്യക്തിത്വത്തിന്റെ ആൾരൂപമായി

നമുക്ക് ഓർക്കാൻ സാധിക്കും. മനുഷ്യനെയും പരിസ്ഥിതിയെയും ഒരുപോലെ സ്നേഹിച്ച തൊഴിലാളിവർഗ്ഗത്തെ ഹൃദയത്തോട് ചേർത്തുനിർത്തിയ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും പ്രശ്നങ്ങളിൽ അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ ചരിത്രത്തിന്റെ ഭാഗമായി ശേഷിക്കുന്നു എന്നുള്ളതാണ് കാണാൻ കഴിയുന്നത്. തണ്ണീർത്തടങ്ങളും വയലുകളുമാണ് മണ്ണിനെയും മനുഷ്യനെയും മറ്റ് ജീവജാലങ്ങളെയും നിലനിർത്തുന്നതും കാലാവസ്ഥയെ ക്രമീകരിക്കുന്നതുമെന്ന് പൂർണ്ണമായി വിശ്വസിച്ച ജനകീയനായ ഒരു നേതാവായിരുന്നു അദ്ദേഹമെന്ന് പറയാൻ മടിക്കേണ്ടതില്ല. പോരാട്ട വീഥികളിലേയ്ക്ക് വാർധക്യത്തിൽപ്പോലും നടന്നുചെല്ലുന്ന വി.എസ്. അച്ചുതാനന്ദന്റെ സമരവീര്യം കേരളം മറക്കില്ല. ഒരു വിഷയത്തിൽ ഇടപെടുമ്പോൾ അതിന്റെ നാനാവശങ്ങളും കൃത്യമായി പഠിച്ച് ഇടപെട്ടിരുന്ന വി.എസ്. രാഷ്ട്രീയക്കാർക്ക് ഒരു പാഠപുസ്തകമാണ്. സി.പി.ഐ.(എം).-ന്റെ രൂപീകരണത്തിൽ സാന്നിധ്യമായിരുന്ന വി.എസ്.-ന്റെ വിടവാങ്ങൽ ഒരു കാലഘട്ടത്തിന്റെ അവസാനമാണ്, അത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും ഇടതുപക്ഷ പ്രസ്ഥാനത്തിനും കേരളത്തിനുമുണ്ടായ നഷ്ടമാണ് എന്നുള്ളത്

എല്ലാവർക്കുമറിയാം. ഒരു കാലഘട്ടത്തിന്റെ അവസാനമാകുമ്പോൾ അദ്ദേഹം ചെയ്തിട്ടുള്ള പ്രവൃത്തികൾ ഓർമ്മപഥത്തിൽ സൂക്ഷിക്കുവാനും ആ ജ്വാല അണയാതെ പോകുന്നതിനും ഒരു സാമൂഹിക പ്രതിബദ്ധതയോടുകൂടി എല്ലാപേർക്കും അദ്ദേഹത്തെ സ്മരിക്കുവാനും കാലം മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് കാണാൻ കഴിയുന്നത്. ഇവിടെ കക്ഷി നേതാക്കന്മാർ സൂചിപ്പിച്ചതുപോലെ, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ് എന്നുള്ള നിലയിലും മനസ്സിൽ തോന്നുന്ന കാര്യങ്ങൾ വസ്തുതാപരമായി വിലയിരുത്തുവാനോ പറയുവാനോ അദ്ദേഹം മടിച്ചില്ല എന്നുള്ളത് ചെറുപ്രായംമുതൽ ശീലിച്ച രാഷ്ട്രീയ ശീലത്തിന്റെയും അദ്ദേഹത്തിന്റെ പ്രവൃത്തി പരിചയത്തിന്റെയും മൂല്യബോധമാണെന്ന് അറിയാൻ കഴിയും. ആ നേതാവിന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

വാഴൂർ സോമൻ പ്രിയപ്പെട്ട ഒരു സഹപ്രവർത്തകനും ഈ സഭയുടെ അംഗവുമായിരുന്നു. കർമ്മനിരതനായ പ്രവർത്തകൻ, എല്ലാവരും സൂചിപ്പിച്ചതുപോലെ, വിദ്യാർഥി സംഘടന രാഷ്ട്രീയത്തിലൂടെ വളർന്ന് തന്റെ ജീവിതം ആരംഭിച്ച്, വാഴൂരിൽനിന്നും ഇടുക്കിയിലെ പീരുമേട്ടിലേയ്ക്ക് പറിച്ചുനട്ട് സി.പി.ഐ.(എം).-ന്റെ പ്രവർത്തനത്തിൽ കമ്മ്യൂണിസ്റ്റ്

പാർട്ടിക്കുവേണ്ടി അദ്ദേഹം നടത്തിയ പോരാട്ടങ്ങളും അദ്ദേഹത്തിന്റെ ജീവിതവും അവസാനം കേരള നിയമസഭയിൽ അദ്ദേഹം എത്തിയതും എല്ലാമൊരു ചരിത്രം തന്നെയാണ്. തോട്ടം തൊഴിലാളികൾക്കുവേണ്ടിയാണ് അദ്ദേഹം കൂടുതലും പോരാടിയിട്ടുള്ളത്. ഒരുപക്ഷേ തൊഴിലാളികളുടെ പ്രശ്നങ്ങൾ വരുന്ന സന്ദർഭത്തിലെല്ലാം നേരിട്ട് കോടതിയിൽപ്പോലും ഹാജരാകുവാനും വാദിക്കുവാനും അദ്ദേഹം തയ്യാറായിട്ടുള്ളതായി കാണാൻ കഴിയുന്നുവെന്നുള്ളത് പോരാട്ടവീര്യത്തിലും പഠനത്തിലും തൊഴിലാളികൾക്കുവേണ്ടി നിലകൊണ്ട അദ്ദേഹത്തിന്റെ ജീവിതരീതിയാണ് സൂചിപ്പിക്കുന്നത്. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ വിളിച്ചുചേർത്ത റവന്യൂ അസംബ്ലിയിൽ അദ്ദേഹം ഇടുക്കി ജില്ലയിലെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ച് തോട്ടം മേഖല, ലയം എന്നിവയുടെ പ്രശ്നങ്ങൾ, ടൂറിസം സാധ്യതകൾക്കുണ്ടാകുന്ന മാറ്റങ്ങൾ, ഇടുക്കിയുടെ ഭൂപ്രശ്നങ്ങൾ എന്നിവയെല്ലാം സവിസ്തരമായി ആ യോഗത്തിൽ പ്രതിപാദിക്കുകയും സംസാരിക്കുകയും ചെയ്തു. അതിനുശേഷം ഉച്ചഭക്ഷണവും കഴിച്ച് മടങ്ങിയതിനുശേഷമാണ് അദ്ദേഹം നമ്മളെ വിട്ടുപിരിയുന്നത്. ദാരുണമായ ആ അന്ത്യം വിശ്വസിക്കാൻ കഴിയാത്തതായിരുന്നു.

നിലപാടുകളിൽ അടിയുറച്ച് നിൽക്കുവാനും തന്റെ പ്രസ്ഥാനത്തിനുവേണ്ടി പോരാടുവാനും അത് കേരള പൊതുസമൂഹത്തിനും ജനതയ്ക്കും വേണ്ടിയാണെന്ന ബോധ്യം മനസ്സിൽ കാത്തുസൂക്ഷിക്കുവാനും അദ്ദേഹം മറന്നിരുന്നില്ല. ഇടുക്കി ജില്ലയിലെ ധാരാളം വിഷയങ്ങളിൽ അദ്ദേഹത്തിന്റെ ഇടപെടലുണ്ടായിട്ടുണ്ട്. സൗമ്യമായ ഇടപെടലുകളിലൂടെയും എന്നാൽ രൂക്ഷമായ വിമർശനത്തിലൂടെയും കാര്യങ്ങൾ നേടിയെടുക്കുന്നതിന് ജനപക്ഷത്ത് നിൽക്കുന്നതിനും വാഴൂർ സോമൻ നടത്തിയ ഓരോ നീക്കങ്ങളും ഇത്തരുണത്തിൽ ഓർമ്മിക്കുന്നു. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ശിരസ്സ് നമിക്കുന്നു.

പി. പി. തങ്കച്ചൻ മന്ത്രിയെന്ന നിലയിൽ മാത്രമല്ല, നിയമസഭാ സ്പീക്കറെന്ന നിലയിലും നേരത്തെ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ കോൺഗ്രസ് പ്രസ്ഥാനത്തിന്റെ ഓരോ തട്ടിലൂടെയുമാണ് അദ്ദേഹം വളർന്നുവന്നത്. നിയോജകമണ്ഡലം പ്രസിഡന്റ്, ബ്ലോക്ക് പ്രസിഡന്റ്, ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. പ്രസിഡന്റ് എന്നീ നിലകളിൽ സംഘടനാരാഷ്ട്രീയ നേതൃത്വത്തിലും പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ നിന്നും നാല് തവണ

നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടുകവഴി ഏതാണ്ട് പത്തൊമ്പത് വർഷക്കാലം നിയമസഭയിൽ പെരുമ്പാവൂരിനെ പ്രതിനിധീകരിക്കുമ്പോഴും ഈ സഭയുടെ നാഥനായും മന്ത്രിയായും അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ഓരോ കക്ഷിനേതാക്കന്മാരും ഇവിടെ വിശദീകരിക്കുകയുണ്ടായി. കൃഷിമന്ത്രിയെന്ന നിലയിൽ കാർഷികമേഖലയോട് അദ്ദേഹം കാണിച്ച അനുഭാവപൂർണ്ണമായ നീക്കങ്ങൾ നമുക്കൊരിക്കലും മറക്കാൻ കഴിയില്ല. സഭയുടെ നാഥനായി പ്രവർത്തിച്ചിരുന്ന സമയത്ത് സഭയെ ഒരുമിച്ച് നയിക്കുവാനും എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുവാനും അദ്ദേഹം ഏറ്റവുമധികം ശ്രദ്ധിച്ചിരുന്നുവെന്നതും ഏറെ ശ്രദ്ധേയമായ കാര്യമാണ്. അദ്ദേഹമൊരു സമുദായസ്നേഹിയും ആയിരുന്നു. Patriarch Bava-യിൽ നിന്ന് Commander പദവി നേടിയിട്ടുമുണ്ട്. തേവരകോളേജിൽ പഠിച്ച് നിയമപഠനം പൂർത്തിയാക്കി അഭിഭാഷകനായി തുടരുന്ന സന്ദർഭത്തിൽ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളാണ് രാഷ്ട്രീയ പ്രവേശനത്തിന് ഇടനൽകിയത്. എല്ലാവരോടും അദ്ദേഹം പുലർത്തിയ നീതിപൂർവമായ സമീപനവും പ്രവർത്തനവും ഒരു കാലഘട്ടത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ഇന്ന്

മാറ്റപ്പെട്ടിരിക്കുകയാണ്. പി. പി. തങ്കച്ചന്റെ ഓർമ്മകളെ മനസ്സിൽ സൂക്ഷിക്കാൻ കഴിയുന്ന സന്ദർഭമായിത് മാറിയിരിക്കുന്നു. ഇവർ മൂവരുടെയും ഓർമ്മകൾക്കുമുന്നിൽ ശിരസ്സ് നമിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, സഭാനാഥനും സഭാനേതാവും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും സി.പി.ഐ. (എം) പാർട്ടിയുടെ പ്രമുഖ നേതാവും സമരപോരാട്ടങ്ങളുടെ മുൻനിരക്കാരനുമായിരുന്ന സഖാവ് വി. എസ്. അച്യുതാനന്ദൻ, കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ കരുത്തുറ്റ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ ജനനേതാവാണ്. വ്യക്തതയോടെ നിലപാടുകളിൽ ഉറച്ചുനിന്ന് പ്രവർത്തിക്കുകയും അഴിമതിക്കെതിരെയുള്ള പോരാട്ടത്തിൽ ശക്തമായ നിലപാടെടുക്കുകയും ചെയ്തിട്ടുള്ള ബഹുമാന്യനായ ജനനേതാവായിട്ടാണ് അദ്ദേഹത്തെ കാണാൻ സാധിക്കുന്നത്. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന 2006-11 കാലഘട്ടത്തിൽ, കേരള കോൺഗ്രസിന്റെ നേതാക്കളായ ശ്രീ. പി. ജെ. ജോസഫിന്റെയും ശ്രീ. ടി. യു. കുരുവിളയുടെയും പ്രവർത്തനത്തിനുശേഷം അദ്ദേഹം നേതൃത്വം നൽകിയ

മന്ത്രിസഭയിൽ രണ്ട് വർഷക്കാലം മന്ത്രിയായി പ്രവർത്തിക്കാൻ അവസരം ലഭിച്ചത് എന്റെ പൊതുജീവിതത്തിലെ വിലപ്പെട്ട കാര്യമായി ഞാൻ കരുതുന്നു. കേരളത്തിന്റെ വികസനരംഗത്ത് ആ കാലഘട്ടത്തിൽ അദ്ദേഹമെടുത്ത ശക്തമായ നിലപാടുകളുണ്ട്. നമ്മുടെ സംസ്ഥാനത്ത് പരിഹരിക്കപ്പെടാതെ കിടന്നിരുന്ന നിരവധിയായ വികസനപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് പ്രത്യേകം ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസനരംഗത്ത് പൊതുമരാമത്ത് വകുപ്പിൽ മുടങ്ങിപ്പോയ തലസ്ഥാന നഗരവികസന പദ്ധതിയും തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള എം.സി. റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങളും കേരളത്തിലെ 14 ജില്ലകളിലെയും തകർന്ന് തരിപ്പണമായ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിലും അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് നേതൃത്വപരമായ ഇടപെടലുകളും സഹായസഹകരണങ്ങളുമുണ്ടായത് കേരളത്തിന്റെ പുരോഗതിയെ ഏറ്റവുമധികം സഹായിച്ച ഘടകമാണ്.

സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്.-ലും യു.ഡി.എഫ്.-ലും ആ കാലഘട്ടത്തിൽ തർക്കം നിലനിന്നിരുന്നു. അന്ന്

എൽ.ഡി.എഫും യു.ഡി.എഫും സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റുമായി യോജിച്ചിരുന്നില്ല. എന്നാൽ കേരളത്തെ സഹായിക്കണമെങ്കിൽ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിൽ ഒപ്പുവയ്ക്കണമെന്ന നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുകയും അതിനെത്തുടർന്ന് ദേശീയപാതവികസനം ഉൾപ്പെടെയുള്ള കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത പ്രതിസന്ധിയുണ്ടാകുകയും ചെയ്തപ്പോൾ അതിൽ തിരുത്തലുകൾ ആവശ്യമായി വന്നപ്പോൾ എൽ.ഡി.എഫ്.-ന്റെ ഭാഗത്തും ഗവൺമെന്റിന്റെ ഭാഗത്തും തിരുത്തലുകൾ ഉണ്ടാക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയെന്ന നിലയിൽ അദ്ദേഹം ആത്മാർഥതയോടെ ഇടപെട്ടതും അന്ന് പ്രതിപക്ഷത്തായിരുന്ന ഉമ്മൻ ചാണ്ടി സാറുൾപ്പെടെയുള്ളവർ ഇക്കാര്യത്തിൽ സഹകരിച്ചതും സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിലേക്ക് കേരളം കടന്ന് വന്നതും ഞാൻ ഓർക്കുകയാണ്. തിരുത്തലുകൾ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സംസ്ഥാനത്തിന്റെ പൊതുതാത്പര്യങ്ങൾക്ക് ഉപകരിക്കുന്നതാണെങ്കിൽ അക്കാര്യങ്ങൾക്ക് വേണ്ടി സഹകരിക്കുവാനും അവ നടപ്പാക്കുവാനും അദ്ദേഹം ആത്മാർഥമായി പ്രവർത്തിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വികസനപ്രശ്നങ്ങൾ

മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടി മുഖ്യമന്ത്രിയെന്ന നിലയിൽ അദ്ദേഹം നൽകിയിരുന്ന സഹകരണം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. കേരളത്തിലെ സാധാരണക്കാരായ മനുഷ്യർക്കും പട്ടിണിപ്പാവങ്ങളായ തൊഴിലാളിവർഗ്ഗത്തിനുംവേണ്ടി അദ്ദേഹം നടത്തിയ ഇടപെടലുകൾ തീർച്ചയായും തലമുറകൾ സ്മരിക്കുന്നതാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ ഞാൻ പ്രണാമം അർപ്പിക്കുന്നു.

വാഴൂർ സോമൻ സി.പി.ഐ.-യുടെ പ്രമുഖ നേതാവായി, ട്രേഡ് യൂണിയൻ രംഗത്ത് മുൻനിരക്കാരനായി പ്രവർത്തിക്കുമ്പോൾ ഇടുക്കി ജില്ലയിൽ ഏത് നിയമസഭാകമ്മിറ്റികൾ ചെന്നാലും അദ്ദേഹം നിയമസഭാംഗം അല്ലാതായിരുന്ന സന്ദർഭത്തിലും ആ നിയമസഭാ കമ്മിറ്റികളുടെ മുന്നിൽ തോട്ടം തൊഴിലാളികളുടെയും അവിടത്തെ ലയങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട തൊഴിലാളികളുടെയും അടിസ്ഥാന പ്രശ്നങ്ങൾ പരിഹിക്കാൻ ആവശ്യമായ നടപടികൾ നിയമസഭാ കമ്മിറ്റികൾ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മണിക്കൂറുകളോളം വാദിക്കുന്നത് ഞാൻ ഓർക്കുകയാണ്. അദ്ദേഹം നിയമസഭാംഗമായപ്പോഴും പീരുമേടിന്റെ പ്രശ്നങ്ങളും തൊഴിലാളിവർഗ്ഗത്തിന്റെ പ്രശ്നങ്ങളും ശക്തമായി നിയമസഭയിൽ

ഉന്നയിക്കുവാനും അവ പരിഹരിക്കുവാനും താത്പര്യത്തോടെ പ്രവർത്തിക്കുന്നത് നമ്മളെല്ലാം നേരിട്ട് കണ്ടതാണ്. ആദരണീയനായ വാഴൂർ സോമന്റെ വേർപാട്, ഈ നിയമസഭയിൽ നമ്മുടെയൊക്കെ കൂടെ സഹപ്രവർത്തകനായി നിന്നിരുന്ന അദ്ദേഹത്തിന്റെ വേർപാട് ഏറ്റവും വേദനാജനകവും ദുഃഖകരവുമാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിലും ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കേരള നിയമസഭയുടെ സ്പീക്കർ എന്ന നിലയിൽ നിഷ്പക്ഷമായ നിലപാടുകൾ എപ്പോഴും ഉയർത്തിപ്പിടിക്കാൻ ശ്രമിച്ച സഭാനാഥനായിരുന്നു പി. പി. തങ്കച്ചൻ. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ എല്ലാവരെയും സഹകരിപ്പിച്ചുകൊണ്ട് നിയമസഭാ നടപടികൾ വിജയകരമായി മുന്നോട്ട് കൊണ്ടുപോയിരുന്നുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. കേരളത്തിലെ കർഷകജനതയ്ക്കുവേണ്ടി തന്റെ കാലഘട്ടം പ്രയോജനകരമായിത്തീരണമെന്ന ആഗ്രഹത്തോടെ ഇടപെടലുകൾ നടത്തിയ കൃഷി മന്ത്രിയായിരുന്നു അദ്ദേഹം. കൃഷിക്കും കാർഷിക മേഖലയ്ക്കും സാധാരണക്കാരായ കർഷകർക്കും സഹായകമായ അനവധി നടപടികളും നിലപാടുകളും അദ്ദേഹം കൈക്കൊണ്ടു. കാർഷികരംഗത്ത് കൃഷിക്കാർക്ക് സംരക്ഷണം

നൽകുന്ന രീതിയിലുള്ള അദ്ദേഹത്തിന്റെ നിലപാടുകൾ ഞാൻ പ്രത്യേകം ഓർക്കുകയാണ്. നമ്മുടെയൊക്കെ ഓർമ്മയിൽ അദ്ദേഹത്തെ കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും മുതിർന്നനേതാവായി കാണുമ്പോഴും തലമുറകളുടെ വ്യത്യാസമില്ലാതെ എല്ലാവരെയും ചേർത്തുപിടിച്ച് മുന്നോട്ട് കൊണ്ടുപോകുവാൻ എന്നും ശ്രദ്ധിച്ചിട്ടുള്ള പക്വമതിയായ ഒരു ജനനേതാവിനെയാണ് പി. പി. തങ്കച്ചനിൽ കാണാൻ കഴിയുന്നത്. വി. എസ്. അച്ചുതാനന്ദന്റെയും വാഴൂർ സോമന്റെയും പി. പി. തങ്കച്ചന്റെയും ഓർമ്മകൾക്ക് മുന്നിൽ പ്രണാമം അർപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, മൺമറഞ്ഞ നേതാക്കളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ച എല്ലാകാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. സഹനത്തിന്റെയും ത്യാഗത്തിന്റെയും നേരിന്റെയും നിർഭയത്വത്തിന്റെയും മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിന്റെയും മറുപേരായിരുന്ന വി. എസ്. എന്ന രണ്ടക്ഷരം. ആസ്പിൻവാൾ കമ്പനിയിൽ തൊഴിലാളിയായിരിക്കെ സഖാവ് പി. കൃഷ്ണപിള്ള വി.എസ്.-ലെ പോരാളിയെ കണ്ടെത്തി. അടിമതുല്യം കഴിഞ്ഞിരുന്ന കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും കർഷകത്തൊഴിലാളികളെ സംഘടിപ്പിക്കുകയെന്ന ആദ്യ നിയോഗം

അദ്ദേഹം ഏറ്റെടുത്തു. "പാളയിൽ കഞ്ഞി കുടിപ്പിക്കും, തമ്പ്രാനെന്ന് വിളിപ്പിക്കും" എന്ന മുദ്രാവാക്യമുയർത്തിയ വികലമൂല്യത്തിന് ബദലായി "പാളയിൽ കഞ്ഞി കുടിക്കില്ല, തമ്പ്രാനെന്ന് വിളിക്കില്ല" എന്ന് കർഷകത്തൊഴിലാളികളെക്കൊണ്ട് വിളിച്ച് പറയിപ്പിക്കുവാൻ അദ്ദേഹം നേതൃത്വം കൊടുത്ത് പോരാട്ടം ഏറ്റെടുക്കുകയായിരുന്നു. അത്തരത്തിൽ മനുഷ്യത്വം പുലർത്തുന്ന അപ്പർ കുട്ടനാടിനെ സൃഷ്ടിച്ചെടുക്കുന്നതിൽ വലിയ പങ്കാണ് വി.എസ്.-ന്റെ ആദ്യകാല പൊതുപ്രവർത്തനത്തിലൂടെ അദ്ദേഹം നിർവ്വഹിച്ചത്. ആ വിഭാഗം ജനങ്ങളിൽ അവകാശബോധവും അഭിമാനബോധവും വളർത്തി ജന്മിത്വത്തിന്റെ നിർദയ ചൂഷണങ്ങൾക്കെതിരെ പോരാട്ടവീര്യമുയർത്തി ഒരു സാമൂഹിക ശക്തിയായി അവരെ മാറ്റിയെടുക്കുവാൻ വി.എസ്.-ന് കഴിഞ്ഞു. സർ സി.പി.-യുടെ അമേരിക്കൻ മോഡലിനും ദുർഭരണത്തിനും ജന്മിത്വ അടിച്ചമർത്തലിനുമെതിരെ, അധഃസ്ഥിതരെന്ന പേര് വീണവരെ സംഘടിപ്പിച്ച് പുന്നപ്രയിലും വയലാറിലും ഉജ്വല സമരങ്ങൾക്ക് നേതൃത്വം നൽകി. കേരളത്തിന്റെ ജൈവവൈവിധ്യവും തണ്ണീർത്തടങ്ങളും മലകളും സംരക്ഷിക്കാൻ അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ എക്കാലവും

സ്മരിക്കപ്പെടും. എക്കാലവും അദ്ദേഹമൊരു പോരാളിയായിരുന്നു. ആരുടെ മുമ്പിലും തലകുനിക്കാത്ത നിർഭയത്വം. മുഖ്യമന്ത്രിയായ വി. എസ്. അച്ചുതാനന്ദനെക്കാൾ കേരളം ഇഷ്ടപ്പെട്ടത് പ്രതിപക്ഷ നേതാവായിരുന്ന വി. എസ്. അച്ചുതാനന്ദനെയാണ്. പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭ്യമാകേണ്ടിയിരുന്ന ജലം കിട്ടാതെ വന്നപ്പോൾ പ്രതിപക്ഷ നേതാവെന്ന നിലയിൽ നടത്തിയ ഇടപെടൽ, നിയമസഭയിൽ ശ്രീ. കെ. കൃഷ്ണൻകുട്ടി അവതരിപ്പിച്ചൊരു നോട്ടീസിനെത്തുടർന്ന് അന്ന് ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന ടി. എം. ജേക്കബ് ഒരു സർവ്വകക്ഷി കമ്മിറ്റി രൂപീകരിച്ച് അവിടെ നടത്തിയ പഠനങ്ങൾ നിയമസഭയുടെ രേഖയിൽ ഇന്നും പ്രസക്തമായി നിൽക്കുകയാണ്. പ്ലാച്ചിമട സമരം എന്നും ഓർക്കപ്പെടുന്നൊരു സമരമാണ്. മുഖ്യമന്ത്രി പദത്തിലേറിയപ്പോൾ അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ ആദ്യഘട്ടങ്ങളിൽ മന്ത്രിയായി കൂടെ പ്രവർത്തിക്കാൻ എനിക്കും അവസരം ലഭിച്ചു. സ്വാശ്രയ മേഖലകളിലെ പ്രൊഫഷണൽ കോളേജുകളെ സാമൂഹ്യ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള പരിശ്രമമായിരുന്നു ആദ്യത്തെ നീക്കം. അത് പരിപൂർണ്ണമായി വിജയത്തിലെത്തിയെന്ന് ഞാൻ പറയുന്നില്ല.

കോടതിയുടെ ഇടപെടൽ അടക്കമുള്ള കാര്യങ്ങളുണ്ട്. നെൽവയൽ തണ്ണീർത്തട നിയമവും ജനമൈത്രി പൊലീസുമൊക്കെ ഇവിടെ സൂചിപ്പിച്ചതിനാൽ ഞാനത് ആവർത്തിക്കാൻ ഇഷ്ടപ്പെടുന്നില്ല. ആരോഗ്യ കാരണങ്ങളാൽ അവസാന കാലങ്ങളിൽ വി. എസ്. അച്ചുതാനന്ദൻ പൊതുരംഗത്ത് സജീവമായിരുന്നില്ല. അത് തികഞ്ഞ അസാന്നിധ്യം തന്നെയെന്ന് പറയാം. എന്നിട്ടുപോലും അദ്ദേഹത്തിന്റെ മരണ സമയത്ത് ലക്ഷക്കണക്കിനാളുകൾ തിരുവനന്തപുരം മുതൽ ആലപ്പുഴവരെയുള്ള വീഥികളിലും സംസ്കാര ചടങ്ങുകളിലും പങ്കെടുത്തത് എത്രമാത്രം ആഴത്തിൽ വി. എസ്. അച്ചുതാനന്ദൻ ജനഹൃദയങ്ങളിൽ ജീവിച്ചിരുന്നു എന്നതിന്റെ തെളിവായി നമുക്ക് കാണാവുന്നതാണ്.

വാഴൂർ സോമന്റെ മരണം തീരെ അപ്രതീക്ഷിതമായിരുന്നു. ഒരുപക്ഷേ, അവസാന ശ്വാസം വരെയും താൻ ഉയർത്തിപ്പിടിച്ച ആവശ്യങ്ങളും മുദ്രാവാക്യങ്ങളും ഉന്നയിക്കാനുള്ള അവസരം ലഭിച്ചൊരു പൊതുപ്രവർത്തകനായിരുന്നു. തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ പങ്കെടുത്തുകൊണ്ട് ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾ ഉന്നയിക്കാനും ഭൂപതിവുമായി ബന്ധപ്പെട്ട

ചട്ടങ്ങൾ രൂപീകരിക്കണമെന്ന ആവശ്യമുന്നയിക്കാനും ശക്തമായൊരു ഇടപെടൽ ഏറ്റവും അവസാന നിമിഷങ്ങളിൽപ്പോലും നടത്താൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഞാൻ മനസ്സിലാക്കിയത് അദ്ദേഹത്തിന്റെ മരണശേഷം ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ അതിനുള്ള നടപടികളായി എന്നുള്ളതാണ്. മലയോര ജില്ലയിൽ സഞ്ചരിച്ചിരുന്ന ജീപ്പിൽത്തന്നെ തിരുവനന്തപുരത്ത് എത്തിക്കൊണ്ടിരുന്ന ഒരു നിയമസഭാ സാമാജികൻ, സാധാരണക്കാരനായി ജീവിച്ച് അവസാനംവരെയും താൻ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളാൻ അദ്ദേഹത്തിന് കഴിഞ്ഞു.

പി. പി. തങ്കച്ചൻ സ്പീക്കറായും, മന്ത്രിയായും നമ്മുടെ മേഖലയിൽ പ്രവർത്തിച്ചതോടൊപ്പംതന്നെ രാഷ്ട്രീയ രംഗത്ത് യു.ഡി.എഫ്. കൺവീനറായും കെ.പി.സി.സി. പ്രസിഡന്റായുമൊക്കെ പ്രവർത്തിച്ചതായി ഇവിടെ സൂചിപ്പിച്ചു. പഴയ നിയമസഭാ ഹാളിലെ എട്ടാം കേരള നിയമസഭയിൽ അദ്ദേഹത്തോടൊപ്പം അംഗമായിരിക്കാൻ എനിക്കും അവസരം ലഭിച്ചിട്ടുണ്ട്. നിയമസഭാ പ്രസംഗങ്ങളിലും ഇടപെടലുകളിലുമൊക്കെ വളരെ ശക്തമായി തന്റെ പാർട്ടിയുടെയും

മുന്നണിയുടെയും നിലപാടുകൾ പ്രതിഫലിപ്പിക്കാൻ അദ്ദേഹം പരിശ്രമിക്കുമ്പോൾതന്നെ അതിലൊരു വിട്ടുവീഴ്ചയുമില്ലാതെ പ്രസംഗങ്ങളും നിലപാടുകളും എടുക്കുമ്പോഴും വ്യക്തിപരമായ ബന്ധങ്ങൾ എല്ലാവരുമായി പുലർത്തുവാനും അവിടെ തികഞ്ഞ സൗമ്യനായി പ്രവർത്തിക്കാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നത് ഞാൻ ഓർമ്മിക്കുകയാണ്. പഴയ നിയമസഭാ മന്ദിരത്തിന് പുറകിലുള്ള ലോബിയെ വളരെ സജീവമാക്കുന്നതിൽ വലിയ പങ്ക് വഹിച്ച രണ്ട് നേതാക്കളാണ് പി. പി. തങ്കച്ചനും ആര്യാടൻ മുഹമ്മദും. എപ്പോഴും എല്ലാ പാർട്ടിയിൽപ്പെട്ട ആളുകളുമായി നല്ല സൗഹൃദം പുലർത്തുവാൻ ആ ലോബിയെ അവർ ഉപയോഗിച്ചിരുന്നത് ഞാൻ ഇത്തരുണത്തിൽ ഓർമ്മിക്കുകയാണ്. മൺമറഞ്ഞുപോയ ഈ മൂന്ന് നേതാക്കൾക്കും ഞാനും പ്രണാമം അർപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങും ബഹുമാന്യരായ നേതാക്കളും ഇവിടെ ഉന്നയിച്ച പൊതുവികാരത്തോട് പൂർണ്ണമായി യോജിക്കുകയാണ്. വി. എസ്. അച്ചുതാനന്ദനും വാഴൂർ സോമനും പി. പി. തങ്കച്ചനുമെല്ലാം നമ്മുടെ മനസ്സുകളിൽ നിറഞ്ഞുനിൽക്കുന്ന വ്യക്തിത്വങ്ങളായി തുടരുകയാണ്.

സാമൂഹ്യനീതിക്കായുള്ള പോരാട്ടത്തിൽ തീരാനഷ്ടമാണ് വി. എസ്. അച്ചുതാനന്ദന്റെ വേർപാട്. അദ്ദേഹത്തിന്റെ ജീവിതം എല്ലാ തലങ്ങളിലും ഒരു പോരാട്ടത്തിൽ തന്നെയായിരുന്നു. ബാല്യകാലത്തും കൗമാരത്തിലുമുണ്ടായ വിപരീതമായ ജീവിതാനുഭവങ്ങളിൽ നിന്ന് അദ്ദേഹത്തിന് മുന്നേറാൻകഴിഞ്ഞത് ഉള്ളിൽ അടങ്ങിയിരുന്ന പോരാട്ട വീര്യം തന്നെയായിരുന്നു. അദ്ദേഹം പ്രതിപക്ഷ നേതാവായിരിക്കുമ്പോഴും മുഖ്യമന്ത്രിയായിരിക്കുമ്പോഴുമെല്ലാം അത് തുടർന്ന് മുന്നോട്ടുപോയി. നെൽവയൽ തണ്ണീർത്തട നിയമങ്ങളടക്കം പ്രധാനപ്പെട്ട അനവധി നിയമങ്ങളാണ് അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ മുന്നോട്ട് കൊണ്ടുവരാൻ കഴിഞ്ഞത്. കേരളത്തിന്റെ എല്ലാ തരത്തിലുള്ള പാരിസ്ഥിതിക സംരക്ഷണത്തിന് അദ്ദേഹം എന്നും മുഖ്യപ്രാധാന്യം നൽകിയിരുന്നു. വികസനമെന്നുള്ളത് മനുഷ്യന്റെ ജീവിതത്തെ മാറ്റിനിർത്തിക്കൊണ്ടായിരിക്കില്ല. അവരുടെ ജീവിതത്തെ കൂടുതൽ മികച്ചതാക്കി മുന്നോട്ടുകൊണ്ടുപോകണമെന്നുള്ള ദൃഢനിശ്ചയം പൊതുരംഗങ്ങളിൽ അദ്ദേഹത്തിന്റെ വാക്കുകളിലൂടെ നമുക്ക് കാണാൻ കഴിയുന്ന ഒന്നാണ്. അദ്ദേഹത്തിന്റെ വാക്കുകൾ പലപ്പോഴും വളരെ

കർക്കശമായിരുന്നുവെന്ന് നമുക്കറിയാം. ഇവിടെ പ്രതിപാദിച്ചതുപോലെ വാർദ്ധക്യ സഹജമായ പരിമിതികളിൽ അദ്ദേഹം മാറി നിൽക്കുമ്പോഴും അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റുകൾ പലപ്പോഴും മാധ്യമങ്ങളിലൂടെ നൽകാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിലുള്ള ആശയങ്ങളും ചിന്തകളും അനീതി എവിടെയുണ്ടെങ്കിലും അതിനുനേരെ പ്രതികരിക്കണമെന്നുള്ള താൽപ്പര്യമായിരുന്നു അപ്പോഴും നമുക്ക് കാണാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ഞാൻ ശിരസ് നമിക്കുന്നു.

വാഴൂർ സോമൻ, നമ്മുടെ സഹപ്രവർത്തകനായി നമ്മോടൊപ്പം വളരെ സജീവമായി നിന്നൊരു വ്യക്തി വളരെപ്പെട്ടെന്ന് വേർപെട്ടുപോയി എന്നുള്ള വാർത്ത വളരെ വേദനയോടെയും ദുഃഖത്തോടെയുമാണ് കാണാൻ കഴിയുന്നത്. അദ്ദേഹത്തിന്റെ ജീവിതം മലയോര ജനതയോട് ചേർന്നുനിന്ന് ഇടുക്കിയിലെ ഭൂപ്രശ്നങ്ങളായിരുന്നു. നിയമസഭയിൽ ഉന്നയിച്ചിട്ടുള്ള എല്ലാ പ്രസംഗങ്ങളിലും നിറഞ്ഞുനിന്നത് അതുതന്നെയായിരുന്നു. അദ്ദേഹം അവസാനമായി പങ്കെടുത്ത യോഗത്തിലും റവന്യൂ അസംബ്ലിയിലും ഉന്നയിച്ചത് അതേ വിഷയങ്ങൾ തന്നെയാണ്. അവിടത്തെ തോട്ടം തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ അതിനോടനുബന്ധിച്ച് വരുന്ന

മറ്റ് ജീവിത സാഹചര്യങ്ങളുമായി പടവെട്ടി മുമ്പോട്ടു പോകുന്ന മലയോര ജനതയ്ക്കുവേണ്ടി തന്നെയായിരുന്നു എല്ലാ സന്ദർഭങ്ങളിലും അദ്ദേഹത്തിന്റെ ജീവിതം. വളരെ പതിയെ നടന്ന് മനുഷ്യ മനസ്സുകളിലേക്ക് ആഴത്തിൽ പതിഞ്ഞിറങ്ങിയൊരു നേതാവായിരുന്നു വാഴൂർ സോമൻ. അദ്ദേഹം ഏറെ നന്മകൾ നിറഞ്ഞിരുന്ന ഒരു വ്യക്തിയായിരുന്നുവെന്നത് നമുക്ക് ഓർക്കാൻ കഴിയുന്ന ഒന്നാണ്.

പി. പി. തങ്കച്ചൻ തീർച്ചയായും എന്നെ സംബന്ധിച്ച് ഗുരുതുല്യനും പിതൃതുല്യനുമായൊരു വ്യക്തിത്വമായിരുന്നു. യു.ഡി.എഫ്.-ന്റെയും കെ.പി.സി.സി.-യുടെയും നേതൃപരമായ മേഖലകളിലേക്ക് അദ്ദേഹത്തിന് ദീർഘകാലം വരാൻ കഴിഞ്ഞു. സ്പീക്കർ എന്ന നിലയിലും മന്ത്രിയെന്ന നിലയിലും അദ്ദേഹത്തിന്റെ വ്യക്തിത്വം മുമ്പോട്ടുകൊണ്ടുവരാൻ കഴിഞ്ഞു. അദ്ദേഹം തന്റെ ചെറിയ പ്രായമായ 26-ാം വയസ്സിൽ മുൻസിപ്പൽ ചെയർമാനായി കടന്നുവന്നു. അന്നുമുതൽ അദ്ദേഹം മുന്നോട്ട് കൊണ്ടുവന്നിരുന്ന നിലപാടുകൾ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാന കാലഘട്ടം വരെ കൊണ്ടുവരാൻ കഴിഞ്ഞു. സ്പീക്കറെന്ന നിലയിൽ ഇവിടെ ഉയർന്നുവരുന്ന അഭിപ്രായ വ്യത്യാസങ്ങൾ കലുഷിതമാകാതെ

നോക്കുമ്പോഴും അഭിപ്രായ സ്വാതന്ത്ര്യം ഉറപ്പാക്കി നിലനിർത്തി മുമ്പോട്ടുപോകാൻ അദ്ദേഹം എന്നും ശ്രമിച്ചിരുന്നു. സഭയിൽ ഉയർന്നുവരുന്ന എല്ലാ വിഷയങ്ങളും നാടിന്റെ മാറ്റത്തിനും മുന്നേറ്റത്തിനും വേണ്ടിയുള്ളതാണ്. അതുകൊണ്ട് ഇവിടെ ആരുടെയും ശബ്ദം അടങ്ങിപ്പോകരുത് അത് ഉയർന്നുതന്നെ വരണമെന്നത് അദ്ദേഹത്തിന്റെ നിലപാടുകളിലൂടെ കാണാൻ കഴിയുന്ന ഒന്നാണ്. പ്രിയപ്പെട്ട പി. പി. തങ്കച്ചന്റെ വേർപാടിലുള്ള അനുശോചനവും ഞാനിവിടെ രേഖപ്പെടുത്തുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, സഖാവ് വി. എസ്. അച്ചുതാനന്ദൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ കെട്ടിപടുത്ത മനുഷ്യ സ്നേഹിയും കുട്ടനാടിനെ ഏറെ സ്നേഹിച്ച വ്യക്തിയുമായിരുന്നു. ഇപ്പോഴത്തെ കുട്ടനാടിന്റെ ഭാഗമായ കൈനകരി, നെടുമുടി, തകഴി പഞ്ചായത്തുകൾ അമ്പലപ്പുഴയുടെ ഭാഗമായിരുന്നപ്പോൾ എന്റെ എം.എൽ.എ. ആയി 1967-ൽ വന്ന വ്യക്തിയാണ് സഖാവ് വി. എസ്. അച്ചുതാനന്ദൻ. അദ്ദേഹം പാർട്ടി സെക്രട്ടറി, പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രി എന്നീ പദവികളിൽ ഉജ്ജ്വലമായ പ്രവർത്തനം കാഴ്ചവച്ച വ്യക്തിയാണ്. നമുക്കറിയാം കുട്ടനാടിനെ സംബന്ധിച്ച് ഏറ്റവും പ്രതികൂലമായ സാഹചര്യത്തിൽ ഒരു കുട്ടനാട്ടുകാരനും

ഒരു കാലത്തും മറന്നുപോകാൻ കഴിയാത്തൊരു വ്യക്തിത്വമാണ് സഖാവ് വി. എസ്. അച്ചുതാനന്ദൻ. മാർത്താണ്ഡം കായൽ, കൈനകരി, ചെറുകര, നീലംപേരൂർ, കാവാലം, മങ്കൊമ്പ് എന്നീ പ്രദേശങ്ങളിൽ താമസിച്ചുകൊണ്ട് ഏറ്റവും നല്ല രീതിയിൽ കുട്ടനാടിനെ ഉയർത്താൻ തക്കവണ്ണം പ്രവർത്തിച്ച ഒരു പ്രത്യേക വ്യക്തി തന്നെയാണ് സഖാവ് വി. എസ്. അച്ചുതാനന്ദൻ. എന്റെ വിശ്വാസമനുസരിച്ച് വിശുദ്ധ വേദ പുസ്തകത്തിൽ ഇങ്ങനെയൊരു വാക്യമുണ്ട്.

"ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനത്തെ സ്ഥിരമാക്കുന്നു."

ഈ വാക്യം ഏറ്റവും പ്രാധാന്യമുള്ളതാണ്. എന്നെ സംബന്ധിച്ചിടത്തോളം സഖാവ് വി. എസ്. അച്ചുതാനന്ദന്റെ വഴിയിൽ യഹോവയ്ക്ക് പ്രസാദമുണ്ടായിരുന്നുവെന്നുള്ളതിന്റെ തെളിവാണ് 101 വർഷക്കാലം വളരെ പ്രത്യേകതയിൽ ജീവിക്കാനും കേരളം കണ്ടിട്ടില്ലാത്ത രീതിയിൽ ഉജ്ജ്വലമായ ആദരവ് കൊടുത്തുകൊണ്ട് അദ്ദേഹത്തെ യാത്രയയ്ക്കുവാനും സാധിച്ചത്. എനിക്ക് ഏറ്റവും അടുത്ത ബന്ധമുള്ളത് 2011-ൽ എന്റെ സഹോദരനായ തോമസ് ചാണ്ടിയുടെ ഇലക്ഷൻ നടന്നപ്പോൾ

സഖാവ് വി. എസ്. അച്യുതാനന്ദനെകൊണ്ട് ഉദ്ഘാടനം ചെയ്യിക്കാൻ അദ്ദേഹത്തിന് വലിയ ആഗ്രഹമുണ്ടായിരുന്നു. ഞാനാണ് അന്ന് സഖാവ് വി. എസ്. അച്യുതാനന്ദനെ നേരിൽപ്പോയി കണ്ട് ഈ വിഷയം സംസാരിച്ചത്. ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത് തീർച്ചയായും ഞാൻ വരും, തോമസ് ചാണ്ടി നമ്മുടെ ഒരു ഭാഗമാണ്, അതുകൊണ്ട് ഭയപ്പെടേണ്ട പൊയ്ക്കൊള്ളാൻ പറഞ്ഞു. 2011-ൽ കുട്ടനാട്ടിൽ വന്ന് എന്റെ സഹോദരന്റെ ഇലക്ഷൻ ഉദ്ഘാടനം ചെയ്തൊരു പ്രത്യേകതയും അദ്ദേഹത്തോട് നമുക്കുണ്ട്. അതുകൊണ്ട് തീർച്ചയായും അദ്ദേഹത്തിന്റെ വിയോഗം ഞങ്ങളെയും കുട്ടനാട്ടുകാരെയും സംബന്ധിച്ച് മുദ്രാവാക്യം വിളിക്കുന്നതുപോലെ "ഇല്ല... ഇല്ല... മരിക്കുന്നില്ല, ജീവിക്കുന്നു ഞങ്ങളിലൂടെ" എന്ന് പറയുന്നതുപോലെ ഓരോ കുട്ടനാട്ടുകാരന്റെ ജീവിതത്തിലും വി. എസ്. അച്യുതാനന്ദൻ ഒരു പ്രത്യേകതയായി മാറുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഞങ്ങളിലൂടെ അദ്ദേഹം ജീവിക്കുമെന്നുള്ള കാര്യത്തിൽ സംശയമൊന്നുമില്ല. അദ്ദേഹത്തിന്റെ മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രിയങ്കരനായ വാഴൂർ സോമന്റെ നിര്യാണം ഏറെ ഞെട്ടലോടെയാണ് അറിഞ്ഞത്. പ്രത്യേകിച്ച് ടെലിവിഷനിൽ എഴുതിക്കാണിച്ചപ്പോൾ വളരെ ഭയപ്പെട്ടുപോയി. ഞാൻ അപ്പോൾ തന്നെ പ്രിയങ്കരനായ ശ്രീ. കെ. രാജൻ മിനിസ്റ്ററെ ടെലിഫോണിൽ ബന്ധപ്പെട്ടു. അദ്ദേഹത്തിന്റെ സെക്രട്ടറി ഫോൺ എടുക്കുകയും കേട്ടത് ശരിയാണ് മീറ്റിങ് കഴിഞ്ഞിറങ്ങിയപ്പോൾ അദ്ദേഹത്തിന് ഇങ്ങനെയൊരു ബുദ്ധിമുട്ട് വന്നുവെന്നും പറഞ്ഞു. അത് ഏറെ ഞെട്ടലുണ്ടാക്കി. ഈ സഭയിൽ എനിക്ക് ഏറ്റവും അടുത്ത ബന്ധമുള്ളൊരു വ്യക്തിയായിരുന്നു വാഴൂർ സോമൻ. പ്രത്യേകിച്ച് ഞങ്ങളിവിടുന്ന് ചായ കുടിക്കാൻ പോകുന്നത് ഒന്നിച്ചാണ്. രാഷ്ട്രീയത്തെക്കുറിച്ചും അതുപോലെ എല്ലാ കാര്യങ്ങളും വളരെ പ്രത്യേകതയിൽ സംസാരിക്കുന്നൊരു വ്യക്തിയാണ്. പല ഭാഷകളിലുമുള്ള അറിവാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. വാഴൂർ സോമന്റെ നിര്യാണത്തിലും അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

പി. പി. തങ്കച്ചൻ ഒരു പുരോഹിതന്റെ മകനായി ജനിച്ചതാണ്. ഞങ്ങളുടെ നിയമമനുസരിച്ച് പുരോഹിതന്റെ മകനായി ജനിച്ചുകഴിഞ്ഞാൽ ബിഷപ്പായിട്ടാണ് ജീവിതം അവസാനിക്കേണ്ടത്. പക്ഷേ, അദ്ദേഹം ഒരു

രാഷ്ട്രീയക്കാരനും സ്പീക്കറും മന്ത്രിയുമായി. അദ്ദേഹത്തിന്റെയൊരു പ്രത്യേകത ഞാൻ ഓർക്കുന്നത്, ടെലിവിഷനിൽ ശ്രീ. രാജ് മോഹൻ ഉണ്ണിത്താന് നേരെ ഒരാക്രമണം ഉണ്ടായപ്പോൾ അദ്ദേഹത്തിന്റെ ആ സംസാര ശൈലിയും രീതികളുമാണ്. കാരണം അതിനകത്ത് യാതൊരുവിധ വ്യത്യാസവുമില്ലാതെ വളരെ ശക്തിയോടെ നിൽക്കാൻ കഴിവുള്ളൊരു വ്യക്തിയായിരുന്നു പി. പി. തങ്കച്ചൻ. മുഖം നോക്കാതെ ആരുടെയും പക്ഷം പിടിക്കാത്ത ഒരു നിലപാടാണ് പ്രത്യേകതയായി പറയാനുള്ളത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, അദ്ദേഹം ഒരു ബിഷപ്പായി വരേണ്ട ഒരാളായിരുന്നുവെന്ന്. എങ്ങനെയോ അദ്ദേഹം ഒരു രാഷ്ട്രീയക്കാരായി വന്നുവെന്നുള്ളതാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ എന്റെ സഹോദരനുമായി വളരെ നല്ലൊരു ബന്ധമുള്ള ഒരാളാണ്. എന്റെ ഭവനം സന്ദർശിച്ചിട്ടുള്ള ഒരാളാണ്, ഏറ്റവും അടുത്ത ബന്ധമുള്ള ഒരാളാണ്. പി. പി. തങ്കച്ചന്റെ നിര്യാണത്തിലും അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, കേരള രാഷ്ട്രീയത്തിലെയും കേരളത്തിലെ ജനങ്ങളുടെയും തൊഴിലാളികളുടെയും ഏറ്റവും പ്രമുഖരായിട്ടുള്ള മൂന്ന് നേതാക്കളാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

അതിൽ വി. എസ്. അച്ചുതാനന്ദനെ കേരളത്തെ ജനങ്ങൾ സ്നേഹത്തോടെ വി.എസ്. എന്ന് വിളിച്ചിരുന്നു. തൊഴിലാളികൾക്കുവേണ്ടി കഷ്ടപ്പാടുകൾ അനുഭവിച്ചും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തും പുന്നപ്ര വയലാർ സമരത്തിൽ പങ്കെടുത്തും ധാരാളം പീഡനങ്ങൾ അനുഭവിച്ച വ്യക്തിയാണ് അദ്ദേഹം. വളരെ ചെറുപ്പംമുതൽ കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന ഒരു നേതാവായിരുന്നു. കേരളത്തിലെ ജനങ്ങൾ മനസ്സിന്റെ ഉള്ളിൽ സൂക്ഷിച്ചിരുന്ന, ആരാധിച്ചിരുന്ന രാഷ്ട്രീയത്തിന് അതീതമായി സ്നേഹിച്ചിരുന്ന അപൂർവം രാഷ്ട്രീയനേതാക്കളിൽ ഒരാളായിരുന്നു വി. എസ്. അച്ചുതാനന്ദൻ. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കേരളത്തിലെ തൊഴിലാളികൾക്ക് മാത്രമല്ല സാധാരണക്കാരന്റെ വിഷയങ്ങളിലും പാരിസ്ഥിതിക രംഗത്ത് വനസംരക്ഷണത്തിന്റെ കാര്യത്തിലും നെൽത്തട സംരക്ഷണത്തിന്റെ കാര്യത്തിലും അദ്ദേഹം എടുത്ത നിലപാടുകൾ ആദ്യകാലത്ത് പല വിയോജിപ്പുകൾ ആളുകൾക്ക് ഉണ്ടായെങ്കിലും പിന്നീട് കാലം അതിന്റെ നന്മ തിരിച്ചറിയുകയും അദ്ദേഹത്തിന്റെ പ്രവർത്തനത്തെ കയ്യടിക്കുകയും ചെയ്തു. ഇവിടെ മുമ്പ് പലരും പറഞ്ഞതുപോലെ രാഷ്ട്രീയ വിയോജിപ്പുകൾ ഉള്ളപ്പോഴും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ

സുതാര്യതയും ആത്മാർഥതയും പരിഗണിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങൾ രാഷ്ട്രീയത്തിന് അതീതമായി അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഒരു മുഖ്യമന്ത്രിയെന്ന നിലയിൽ മികവാർന്നതായിരുന്നു. കേരളത്തിൽ ധാരാളം നല്ല പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടി ശ്രമിച്ച ഒരു കരുത്തുറ്റ നേതാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അവസാനകാലംവരെയും കേരളത്തിലെ ജനങ്ങളാൽ സ്നേഹിക്കപ്പെട്ടുകയും വേർപാടിന് ശേഷമുള്ള അന്ത്യയാത്രയിലും വലിയൊരു ജനസഞ്ചയം അദ്ദേഹത്തോടുള്ള ആദരവ് അർപ്പിക്കാൻവേണ്ടി എത്തിച്ചേരുമ്പോൾ ആ മനുഷ്യൻ ഒരു രാഷ്ട്രീയപ്രവർത്തകനും നേതാവുമെന്ന നിലയിൽ എത്രത്തോളം കേരളത്തിലെ ജനങ്ങൾ സ്നേഹിച്ചിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാനുള്ള ഒരവസരമായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വരുംകാലങ്ങളിലെ രാഷ്ട്രീയപ്രവർത്തകർക്ക് മാതൃകയാകട്ടെയെന്ന് ആഗ്രഹിക്കുന്നു. അത്തരം ത്യാഗപൂർണ്ണമായ രാഷ്ട്രീയ ജീവിതം നയിക്കാൻ ഇനിയും പുതിയ തലമുറയിലെ പല നേതാക്കൾക്കും കഴിയട്ടെയെന്ന് ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിനുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

വാഴൂർ സോമൻ നമ്മോടൊപ്പം ഈ സഭയിൽ പ്രവർത്തിച്ച നല്ലൊരു വ്യക്തിത്വമാണ്. വളരെ ലാളിത്യമുള്ള ആളാണ്. തൊഴിലാളികൾക്കുവേണ്ടി ജീവിതം അർപ്പിച്ചു. വാഴൂരിൽ ജനിച്ചെങ്കിലും കിഴക്കൻ മലയോരമേഖലകളിൽ കടന്നുചെന്ന് തോട്ടം തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും അവരുടെ കണ്ണീരൊപ്പുന്നതിനും അവർക്കുവേണ്ടി പോരാടുന്നതിനും അശ്രാന്തം പരിശ്രമിച്ച ഒരു വ്യക്തിത്വമാണ്. തോട്ടം മേഖലയിൽ വലിയ ബുദ്ധിമുട്ടുകൾ നേരിടുന്ന ഒരു കാലഘട്ടമാണെന്ന് നമുക്കറിയാം. തൊഴിലാളികളോടൊപ്പംനിന്ന് അവരുടെ കണ്ണീരൊപ്പാൻ സാധിച്ചിട്ടുണ്ട്. തോട്ടങ്ങൾ അടച്ചുപൂട്ടുന്നതുൾപ്പെടെയുള്ള നിരവധി പ്രതിസന്ധികൾ തോട്ടം മേഖലയിലുണ്ട്. പട്ടിണിയായി മാറുന്ന തൊഴിലാളികളോടൊപ്പം നിന്ന് അവരുടെ നന്മയ്ക്കായി അവസാന നിമിഷംവരെ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഏറ്റവും വലിയ ഭാഗ്യമെന്ന് പറയുന്നത്, അവസാന നിമിഷം വരെയും അദ്ദേഹം കർമ്മനിരതനായി നിന്നുവെന്നതാണ്. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി വിളിച്ചുചേർത്ത ഔദ്യോഗിക ചടങ്ങിൽ പങ്കെടുത്ത് മടങ്ങുമ്പോഴാണ് അദ്ദേഹം അന്ത്യനിമിഷങ്ങൾ ചെലവഴിച്ചത്. അതും ആ വ്യക്തിയുടെ

ഭാഗ്യമാണ്. കാരണം, ഒരു രാഷ്ട്രീയ പ്രവർത്തകൻ തന്റെ കർമ്മരംഗത്ത് നിറഞ്ഞുനിന്നുകൊണ്ട് അവിടെവച്ച് നമ്മെ വിട്ടുപിരിയുകയെന്നത് അദ്ദേഹത്തെ സംബന്ധിച്ച് ഭാഗ്യമാണ്, നമ്മളെ സംബന്ധിച്ചൊരു ദുഃഖവുമാണ്. അനാരോഗ്യം പരിഗണിക്കാതെ വളരെ മനോഹരമായി രാഷ്ട്രീയവിഷയങ്ങൾ ഈ സഭയിൽ അവതരിപ്പിക്കുന്നതിൽ കാണിച്ച മികവ് നമ്മളെല്ലാവരും ഓർമ്മിക്കും. അദ്ദേഹത്തിന്റെ വ്യക്തിത്വം സഭയിൽ ഇന്ന് കൂടെയുള്ളവർക്കും അദ്ദേഹത്തെ പരിചയപ്പെട്ടവർക്കും വിസ്മരിക്കാൻ കഴിയാത്ത ഒന്നാണ്. അദ്ദേഹത്തിന്റെ വേർപാടിൽ അനുശോചനമറിയിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു.

പി. പി. തങ്കച്ചനെക്കുറിച്ചാണ് പറയാനുള്ളത്. ഞാൻ തങ്കച്ചൻ ചേട്ടൻ എന്നാണ് വിളിച്ചിരുന്നത്. കാരണം അനേകവർഷം അദ്ദേഹം യു.ഡി.എഫ്. കൺവീനറായിരിക്കുമ്പോൾതന്നെ അദ്ദേഹവുമായി ചേർന്ന് പ്രവർത്തിക്കാൻ എനിക്കും കഴിഞ്ഞിട്ടുണ്ട്. ശ്രീ. തോമസ് കെ. തോമസ് പറഞ്ഞതുപോലെ, ഏത് വിഷയവും വലിയ ഭാവവ്യത്യാസമില്ലാതെ കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് സാധിക്കും. എത്ര വലിയ ഗൗരവമുള്ള

വിഷയമായാലും അദ്ദേഹം ചിരിച്ച മുഖത്തോടുകൂടി അതിനെ കൈകാര്യം ചെയ്യും. വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കികൊണ്ട് അതിനെ ലഘൂകരിച്ച് ആ പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്. വളരെ മെയ് വഴക്കമുള്ള ഒരാളിന് മാത്രമെ പതിനാല് വർഷക്കാലം യു.ഡി.എഫ്. കൺവീനറായി തുടരാൻ സാധിക്കുകയുള്ളൂ. പല ആവശ്യങ്ങളും പല നിർദേശങ്ങളും മുന്നോട്ടുവരുമ്പോൾ അതിനിടയിൽ ഒരാൾ വളരെ മെയ് വഴക്കത്തോടെ നിന്നെങ്കിൽ മാത്രമെ പതിനാല് വർഷക്കാലം യു.ഡി.എഫ്. കൺവീനർ എന്ന സ്ഥാനത്ത് ഇരിക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലുമൊരു വിഷയം പറഞ്ഞാൽ മറുപടി അപ്പോൾ പറയാതെ കുറച്ച് കഴിഞ്ഞ് അതിനൊരു പരിഹാരം കാണാൻ അദ്ദേഹം ശ്രമിക്കാറുണ്ടായിരുന്നു. ആ ഒരു രാഷ്ട്രീയ തന്ത്രം മികച്ച ഒരു രാഷ്ട്രീയപ്രവർത്തകനായി അദ്ദേഹത്തെ കേരള രാഷ്ട്രീയത്തിൽ വ്യത്യസ്തനാക്കുകയാണ് ചെയ്തത്. വളരെ ചെറുപ്പത്തിൽതന്നെ ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ മുനിസിപ്പൽ ചെയർമാനായി. 1968 മുതൽ അദ്ദേഹം രാഷ്ട്രീയരംഗത്ത് സജീവമായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ, നിയമസഭാ സാമാജികനെന്ന നിലയിലും സ്പീക്കറെന്ന നിലയിലും എടുത്ത നിലപാടുകൾ സഭയിൽ പലപ്പോഴും

നിർണ്ണായകമായ റൂളിങ് കൊണ്ടുവരാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഞാൻ മുമ്പ് പറഞ്ഞ തന്മയത്തോടെയുള്ള പെരുമാറ്റം നിയമസഭാ സ്പീക്കർ എന്നുള്ള നിലയിലും അദ്ദേഹത്തിന് വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയരംഗത്ത് നിറഞ്ഞുനിന്ന ഈ മൂന്ന് വ്യക്തിത്വങ്ങൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെടെയുള്ള നേതാക്കളെല്ലാം ഇവിടെ പ്രകടിപ്പിച്ച ഹൃദയവികാരത്തോടൊപ്പം ഞാനും പങ്കുചേരുകയാണ്. വി. എസ്. എന്ന ദ്വയാക്ഷരത്തിലൂടെ കേരളത്തിന്റെ രാഷ്ട്രീയ ഭരണരംഗത്ത് നിറശോഭയോടെ തിളങ്ങിനിന്ന ഒരു വ്യക്തിത്വമാണ് അച്യുതാനന്ദൻ. അസമത്വങ്ങൾക്കും അനീതിക്കുമെതിരായുള്ള പോരാട്ടത്തിന്റെ ഒരു ചരിത്രമാണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വിപ്ലവ സമരങ്ങൾക്ക് കർമ്മഭൂമിയായ ആലപ്പുഴയുടെ ചുവന്ന മണ്ണിൽനിന്ന് പ്രയാണം ആരംഭിച്ചു. അത് ജനസേവനത്തിന്റെ ഭാഗമായി മാറുകയും ചെയ്തു. പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രി എന്നീ നിലകളിൽ ഏറെ പ്രശോഭിക്കാൻ കഴിഞ്ഞതും ആ

അനുഭവസമ്പത്തിന്റെ പേരിലാണ്. പതിനേഴാം വയസ്സിൽ രാഷ്ട്രീയ പ്രവർത്തനരംഗത്തേക്ക് കടന്നുവന്ന് ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകാൻ കഴിഞ്ഞുവെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. 1946-ൽ സർ സി.പി.-യുടെ കിരാത ഭരണകൂടത്തിനെതിരായി നടത്തിയിട്ടുള്ള പോരാട്ടത്തിന്റെ ഭാഗമായി സഖാവ് വി.എസ്. അറസ്റ്റ് ചെയ്യുകയും വർഷങ്ങളോളം പൂജപ്പുര സെൻട്രൽ ജയിലിൽ കിടക്കുകയും ചെയ്യേണ്ടിവന്നത് ചരിത്രത്തിന്റെ ഭാഗമാണ്. തൊഴിലാളികളുൾപ്പെടെയുള്ള വിവിധ വിഭാഗം ജനങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ പാതയിൽ അദ്ദേഹം നടത്തിയിട്ടുള്ള ഐതിഹാസികമായ ഓരോ പ്രവർത്തനങ്ങളും കർമ്മനിരതമായ തീരുമാനങ്ങളുമെല്ലാം കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ ഭരണചരിത്രത്തിലെ ഒരു അമൂല്യമായ നിധിയായി സൂക്ഷിക്കപ്പെടുമെന്നത് ഒരു വസ്തുതയാണ്. അദ്ദേഹത്തിന്റെ സംഭാവനകൾ കേരളത്തിന് ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. ഇവിടെ പറഞ്ഞതുപോലെ, അദ്ദേഹത്തിന്റെ ഭൗതിക ശരീരവുമായി കേരളത്തിന്റെ തലസ്ഥാന നഗരിയിൽനിന്ന് ആലപ്പുഴ ജില്ലയിലേക്ക് നടത്തിയിട്ടുള്ള ആ യാത്രതന്നെ ജനഹൃദയങ്ങൾ എങ്ങനെയാണ് അദ്ദേഹത്തെ കാണുന്നത്

എന്നതിന്റെ ഒരു അനുഭവസാക്ഷ്യമായി കാണിക്കാൻ കഴിയും. ഒരു ഭരണാധികാരി, രാഷ്ട്രീയനേതാവ് എന്നീ നിലകളിൽ പ്രവർത്തിച്ച വി.എസ്.ന്റെ ദേഹവിയോഗം എത്രയേറെ കനത്തതാണെന്നതിനെക്കുറിച്ച് വാക്കുകളിലൂടെ തിട്ടപ്പെടുത്താൻ കഴിയില്ല. അദ്ദേഹത്തിന്റെ പ്രോജ്ജ്വലിക്കുന്ന ഓർമ്മകൾക്കുമുമ്പിൽ എന്റെ പ്രണാമം അർപ്പിക്കുകയാണ്.

നിയമസഭാംഗമായി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ നമ്മോടെല്ലാം ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന വാഴൂർ സോമൻ, സഭയിൽ പിതൃതുല്യമായ സ്നേഹത്തോടെയാണ് നമ്മോടെല്ലാം പെരുമാറിയിരുന്നത്. അദ്ദേഹത്തിന്റെ ഇടപെടലുകൾ, പ്രഭാഷണം, നിയമസഭാ സാമാജികൻ എന്ന നിലയ്ക്കുള്ള വിഷയങ്ങളിൽ ഇടപെട്ടുകൊണ്ടുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾ എന്നിവയെല്ലാം പുതിയ തലമുറയ്ക്കും സ്വീകരിക്കാവുന്നതാണ്. ലാളിത്യത്തിന്റെയും സ്നേഹത്തിന്റെയും സൗമനസ്യത്തിന്റെയും പ്രതീകമായി ജനങ്ങളെയും സുഹൃത്തുക്കളെയും സഹപ്രവർത്തകരെയും കാണാൻ കഴിഞ്ഞിട്ടുള്ള മനുഷ്യസ്നേഹിയായ നേതാവ് എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുമുമ്പിൽ ഞാൻ പ്രണമിക്കുകയാണ്.

മുതിർന്ന ഒരു രാഷ്ട്രീയനേതാവാണ് പി. പി. തങ്കച്ചൻ. അദ്ദേഹവുമായിട്ടുള്ള ബന്ധം അവിഭക്ത ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കാലത്തുള്ളതാണ്. അതിനുശേഷമുള്ള ഗതിവിഗതികൾ പല നിലപാടുകളിലേക്കും ഒഴുകിപ്പോയി. ഒരു വിദ്യാർഥി സംഘടനാപ്രവർത്തകനായിരിക്കുന്ന കാലത്താണ് അദ്ദേഹവുമായി ബന്ധപ്പെടാൻ എറണാകുളം ആസ്ഥാനഭൂമിയിൽ വച്ച് എനിക്ക് സാധിച്ചത്. അന്ന് അദ്ദേഹവുമായി ബന്ധപ്പെടുമ്പോൾ രാഷ്ട്രീയപ്രവർത്തകൻ, നേതാവ്, തൊഴിലാളി പ്രവർത്തകൻ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. പിന്നാക്ക ക്ഷേമം സംബന്ധിച്ച സമിതി, പരിസ്ഥിതി സമിതി തുടങ്ങിയ സുപ്രധാനമായ നിയമസഭാ സമിതികളിലും അംഗത്വം സ്വീകരിച്ചുകൊണ്ട് അദ്ദേഹം നൽകിയിട്ടുള്ള വിലപ്പെട്ട സംഭാവനകൾ നിയമസഭാ ചരിത്രത്തിന്റെ ഭാഗമായി സൂക്ഷിക്കപ്പെടുമെന്ന് കരുതുകയാണ്. മന്ത്രിയെന്ന നിലയിലും സ്പീക്കറെന്ന നിലയിലുമുള്ള പദവികളിൽ സേവനമനുഷ്ഠിച്ച് മാതൃകാപരമായ ഒരു ജനസേവനത്തിന് ആമുഖമായി മാറിയ അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ഞാൻ പ്രണമിക്കുകയാണ്. ഈ മൂന്ന്

പ്രമുഖരായ വ്യക്തിത്വങ്ങളുടെ പ്രോജ്വലിക്കുന്ന ഓർമ്മകൾക്കുമുമ്പിൽ ഞാൻ പ്രണമിച്ചുകൊണ്ട് വാക്കുകൾ നിർത്തുന്നു.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, മൂന്ന് പ്രമുഖനേതാക്കളുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ബഹുമാന്യനായ സ്പീക്കർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മറ്റ് പ്രതിനിധികൾ എന്നിവർ നടത്തിയിട്ടുള്ള അഭിപ്രായങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. പ്രിയങ്കരനായ വി. എസ്. അച്ചുതാനന്ദൻ നമ്മുടെയൊക്കെ ഓർമ്മകളിൽ ജ്വലിച്ചുനിൽക്കുന്ന ഒരു നക്ഷത്രം തന്നെയാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സി.പി.ഐ.(എം)-ന്റെ സമുന്നതനായ നേതാവ്, എൽ.ഡി.എഫ്. കൺവീനർ, മുൻ മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് എന്നീ നിലകളിൽ വലിയ സംഭാവനകൾ നടത്തിയിട്ടുള്ള ഒരു പൊതുപ്രവർത്തകൻ എന്ന നിലയ്ക്ക് വി.എസ്.-ന്റെ ഓർമ്മകൾ ജ്വലിച്ചുനിൽക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിരവധി പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുകയും പ്രശ്നപരിഹാരത്തിന് ശക്തമായി ആവശ്യങ്ങളുന്നയിക്കുകയും അവ പരിഹരിച്ചെടുക്കുകയും ചെയ്യുന്നതിൽ വലിയ ഭാഗധേയത്വം നിർവഹിക്കാൻ അദ്ദേഹത്തിന്

സാധിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രതിപക്ഷശബ്ദങ്ങളെ കേൾക്കാനും സത്യാസത്യങ്ങളെ തിരിച്ചറിയാനും സത്യത്തിനുവേണ്ടി പോരടിക്കാനുമുള്ള വലിയ ശ്രമങ്ങൾക്ക് എക്കാലവും അദ്ദേഹം ശ്രമിച്ചിരുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. സമരപോരാട്ടങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത വിപ്ലവതാരകമായി ഉയർന്നുനിൽക്കാൻ അദ്ദേഹത്തിന് സാധിച്ചുവെന്നത് എന്നും സ്മരിക്കപ്പെടുന്നതാണ്. അദ്ദേഹത്തിന്റെ അവസാന വിലാപയാത്രപോലും ഏറെ ശ്രദ്ധേയമാണ്. ഒരു പൊതുപ്രവർത്തകന് അവസാനനിമിഷം ലഭിക്കാവുന്ന ഏറ്റവും വലിയ യാത്രയയപ്പാണ് തിരുവനന്തപുരം മുതൽ ആലപ്പുഴ വരെ തിങ്ങിനിറഞ്ഞ പതിനായിരങ്ങൾ നൽകിയിട്ടുള്ളതെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഒരു പൊതുപ്രവർത്തകൻ ജനഹൃദയത്തിൽ സ്വീകരിക്കപ്പെട്ടുകഴിഞ്ഞാൽ എത്രമാത്രം സ്വീകാര്യമാകുമെന്നതിന് തെളിവായി അത് കാണാൻ സാധിക്കുന്നതാണ്. അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഃഖം രേഖപ്പെടുത്തുന്നു.

നമ്മുടെ സഹപ്രവർത്തകനായ വാഴൂർ സോമൻ ഇത്രപെട്ടെന്ന് വിട്ടുപിരിയുമെന്ന് നമ്മളാരും പ്രതീക്ഷിച്ചതല്ല. തൊഴിലാളികളുടെ സമരപോരാട്ടങ്ങളിൽ എന്നും മുന്നിൽനിന്ന് നയിക്കുകയും തോട്ടം

തൊഴിലാളികൾക്കുവേണ്ടി എല്ലാം അർപ്പിച്ചുകൊണ്ടുള്ള വലിയ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുകയും ധാരാളം പൊലീസ് ആക്രമണത്തിനും സമ്മർദ്ദങ്ങൾക്കും വിധേയമാകേണ്ടി വന്നപ്പോൾ തൊഴിലാളിവർഗ്ഗ താൽപര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തിച്ച ഒരു നേതാവായിരുന്ന വാഴൂർ സോമൻ. അവസാനനിമിഷം വരെ തൊഴിലാളിവർഗ്ഗ താൽപര്യത്തിനുവേണ്ടി നിലകൊള്ളുകയും ഒരു റവന്യൂ കമ്മിറ്റിയിൽ പങ്കെടുത്തുകൊണ്ട് അവസാന ശ്വാസം വരെ പൊതുപ്രവർത്തനരംഗത്ത് പോരാടി പോരാട്ടഭൂമിയിൽ മരിച്ചുവീണ വ്യക്തിത്വമായ അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാൻ അനുശോചനം രേഖപ്പെടുത്തുന്നു.

കേരള രാഷ്ട്രീയത്തിൽ ഒരു കാലത്ത് നിറഞ്ഞുനിന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന പി. പി. തങ്കച്ചൻ. നിയമസഭാ സ്പീക്കർ എന്ന നിലയ്ക്ക് എല്ലാവരാലും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയിട്ടുള്ള നിഷ്പക്ഷതയുടെ മുഖമായിരുന്ന പി. പി. തങ്കച്ചൻ. പിന്നീട് പെരുമ്പാവൂർ നിയമസഭാംഗമായി, അതുപോലെ പ്രതിപക്ഷ നേതൃസ്ഥാനത്ത് ഇരുന്നുകൊണ്ട് കെ.പി.സി.സി.-യുടെ പ്രസിഡന്റ് എന്ന നിലയ്ക്ക് കാർഷിക പ്രശ്നങ്ങളോട് ശക്തമായ

നിലപാടുകൾ സ്വീകരിച്ചും കൃഷി വകുപ്പിന്റെ മുൻമന്ത്രിയെന്ന നിലയ്ക്ക് ജനകീയപ്രശ്നങ്ങളിൽ ഇടപെട്ടുംകൊണ്ടും എന്നാൽ പക്വതയുള്ള രാഷ്ട്രീയനേതാവെന്ന നിലയ്ക്ക് എല്ലാ വിഷയങ്ങളെയും സമന്വയത്തോടെ കാണാനും പുഞ്ചിരിച്ചുകൊണ്ട് നേരിടാനും പ്രശ്നപരിഹാരത്തിന്റെ അവസാനവാക്കായി മാറാനും അദ്ദേഹത്തിന് സാധിച്ചിരുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. പൊതുപ്രവർത്തകർക്ക് മാതൃകയായ സംശുദ്ധജീവിതത്തിനുടമയായിരുന്ന അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാൻ അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. ആന്റണി രാജു</u>: സർ, വി. എസ്. അച്ചുതാനന്ദനും വാഴൂർ സോമനും പി. പി. തങ്കച്ചനും ഓർമ്മകളായി മാറിക്കഴിഞ്ഞു. നിശ്ചയദാർഢ്യത്തോടെ സ്വന്തം പാത വെട്ടിത്തുറന്ന നേതാവാണ് വി. എസ്. അച്ചുതാനന്ദൻ. തീക്ഷ്ണമായ ജീവിത അനുഭവങ്ങളായിരുന്നു വി. എസ്.-ന്റെ മൂലധനം. നിലപാടുകൾ വിവാദമാകുമ്പോഴും ആത്മധൈര്യത്തോടെ ഉറച്ചുനിന്ന സവിശേഷമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു വി. എസ്. വിദ്യാഭ്യാസത്തിന്റെ കുറവോ ഭാഷാ പ്രാവീണ്യക്കുറവോ വി. എസ്.-ന്റെ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സമായിരുന്നില്ല. പൊതുയോഗങ്ങളിൽ

നീട്ടിയും കുറുക്കിയുമുള്ള സ്വതസിദ്ധമായ വി. എസ്.-ന്റെ ശൈലി ശ്രോതാക്കളുടെ മനം കവർന്നിരുന്നു. 93-ാം വയസ്സിൽ വി. എസ്. ഹിന്ദി പഠിക്കാൻ തയ്യാറായ വാർത്ത അത്ഭുതത്തോടെയാണ് എല്ലാവരും കേട്ടത്. ഒരു പ്രതിപക്ഷ നേതാവ് എങ്ങനെയായിരിക്കണമെന്ന് വി. എസ്.-ൽനിന്നും പഠിക്കേണ്ടതുണ്ട്. ജ്വലിക്കുന്ന അധ്യായം രചിച്ച വി. എസ്. എന്ന രണ്ടക്ഷരങ്ങൾ ഏറെനാൾ ജനമനസിൽ തുടരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

കഴിഞ്ഞ സമ്മേളനത്തിൽ നമ്മോടൊപ്പമുണ്ടായിരുന്ന വാഴൂർ സോമൻ അപ്രതീക്ഷിതമായാണ് നമ്മെ വിട്ടുപിരിഞ്ഞത്. 25-ാം വയസ്സിൽ വാഴൂരിൽ നിന്നും പീരുമേട്ടിലെത്തി നാലര പതിറ്റാണ്ടുകാലം തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും ജനകീയപ്രശ്നങ്ങൾ ഏറ്റെടുക്കാനും അവ പരിഹരിക്കാനും വിട്ടുവീഴ്ചയില്ലാതെ പോരാടിയ നേതാവാണ് വാഴൂർ സോമൻ. ജന്മം കൊണ്ടും പേരുകൊണ്ടും വാഴൂരുകാരനാണെങ്കിലും കർമ്മം കൊണ്ട് പീരുമേട്ടുകാരനായി മാറിയ വ്യക്തിത്വമായിരുന്നു വാഴൂർ സോമൻ. ലാളിത്യവും വിനയവും നിശ്ചയദാർഢ്യവും കൈമുതലാക്കിയ വ്യത്യസ്തനായ പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം.

സമന്വയത്തിന്റെ പാതയിലൂടെ സൗമ്യതയോടെ പൊതുപ്രവർത്തനം നടത്തിയ ഒരു നേതാവായിരുന്നു പി. പി. തങ്കച്ചൻ. സ്വതസിദ്ധമായ ശൈലിയിലൂടെ ഏവർക്കും സ്വീകാര്യനായി മാറിയ പി. പി. തങ്കച്ചൻ, സ്പീക്കർ, മന്ത്രി, യു.ഡി.എഫ്. കൺവീനർ എന്നീ തലങ്ങളിലെല്ലാം തിളക്കമാർന്ന പ്രവർത്തനമാണ് കാഴ്ചവച്ചത്. സ്പീക്കർ എന്ന നിലയിൽ എല്ലാവരെയും ചേർത്തുപിടിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിൽ അദ്ദേഹത്തിന്റെ നേതൃപാടവം ശ്രദ്ധേയമായിരുന്നു. പി. പി. തങ്കച്ചന്റെയും വാഴൂർ സോമന്റെയും വി. എസ്. അച്ചുതാനന്ദന്റെയും പാവനസ്മരണക്കുമുന്നിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, 'വിപ്ലവസൂര്യൻ' എന്ന നിലയിൽ അറിയപ്പെട്ട നമ്മുടെ പ്രിയപ്പെട്ട വി. എസ്. അച്ചുതാനന്ദന്റെ ഓർമ്മകൾക്കുമുമ്പിൽ ആദ്യമായി ആദരാഞ്ജലികൾ അർപ്പിക്കുന്നു. മുഖ്യമന്ത്രി, കമ്മ്യൂണിസ്റ്റ് നേതാവ് സ്വാതന്ത്ര്യസമര പോരാളി, പ്രതിപക്ഷ നേതാവ് എന്നീ നിലകളിലും പാവപ്പെട്ടവരുടെ പ്രശ്നങ്ങളോട് വിട്ടുവീഴ്ചയില്ലാത്ത നിലപാട്, പ്ലാച്ചിമട സമരം, മറയൂരിലെ ചന്ദനക്കൊള്ള, ഇടുക്കി മൂന്നാറിലെ അനധികൃത കയ്യേറ്റം, കാസർഗോഡ്

എൻഡോസൾഫാൻ വിക്ടിംസിനുവേണ്ടിയുള്ള ഇടപെടൽ എന്നീ പ്രശ്നങ്ങളിൽ അദ്ദേഹമെടുത്ത നിലപാട് പാവപ്പെട്ടവർക്ക് ഗുണകരമായിത്തീർന്നു. ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചതുകൊണ്ടാണ് അദ്ദേഹത്തിന്റെ ഭൗതികശരീരം ആലപ്പുഴയിലേക്ക് എത്തിക്കുന്നതുവരെ ഓരോ മുക്കിലും "കണ്ണേ കരളേ വി.എസ്സേ", എന്ന മുദ്രാവാക്യവുമായി ജനങ്ങൾ മുന്നോട്ടുവന്നത്. അത് ആരും പറഞ്ഞുകൊടുത്തതല്ല; ഓരോരുത്തരുടെയും മനസ്സിൽനിന്നും വന്നതാണ്. അദ്ദേഹത്തിന്റെ ഓർമ്മ കേരളത്തെ സംബന്ധിച്ചിടത്തോളം എല്ലാ അർത്ഥത്തിലും എന്നും നിലനിൽക്കും. അദ്ദേഹത്തിന്റെ ഓർമകൾക്കുമുമ്പിൽ ഒന്നുകൂടി ആദരാഞ്ജലികൾ അർപ്പിക്കുന്നു.

വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ രംഗപ്രവേശം ചെയ്യുകയും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ ഇടപെട്ട് പ്രവർത്തിച്ച് സി.പി.ഐ. നേതാവായി മുന്നോട്ടുവരികയും ചെയ്ത വ്യക്തിയായിരുന്നു വാഴൂർ സോമൻ. മുൻ ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, വെയർ ഹൗസ് കോർപ്പറേഷൻ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ച് ആരുടെയും മുഖത്തുനോക്കി സങ്കോചമില്ലാതെ സംസാരിച്ചിരുന്ന വാഴൂർ സോമൻ

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ചെയർപേഴ്സണായ സബ്ജക്ട് കമ്മിറ്റിയിൽ പങ്കെടുത്തുകൊണ്ട് വകുപ്പുദ്യോഗസ്ഥരോട് തട്ടിക്കയറുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഉദ്യോഗസ്ഥർ അക്കാര്യങ്ങളിൽ ഉടനടി നടപടി സ്വീകരിക്കാമെന്ന് പറഞ്ഞപ്പോൾ 'അതെപ്പോഴാണ് ഉണ്ടാകുന്നത്, ഞങ്ങളുടെ കാലശേഷമാണോ' എന്നുചോദിച്ച അദ്ദേഹം പിന്നീട് ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ചെയർപേഴ്സണായ സമിതി യോഗത്തിലും ഇതേ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് നമ്മെയെല്ലാം വിട്ടുപിരിയുന്നത്. മനസ്സിലുള്ള കാര്യങ്ങൾ വെട്ടിത്തുറന്ന് പറയുന്ന വാഴൂർ സോമന്റെ ഓർമ്മ എന്നും ഈ സഭയിൽ മാത്രമല്ല, നമ്മുടെ പ്രദേശങ്ങളിലെല്ലാം തിങ്ങി നിൽക്കും. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രിയായിരുന്നപ്പോൾ കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യമായി നൽകി കർഷകരെ സഹായിച്ച വ്യക്തിയായിരുന്നു പി. പി. തങ്കച്ചൻ. സ്പീക്കർ എന്ന നിലയിൽ എല്ലാവരെയും ഒരുമിച്ച് നിർത്തുകയും പ്രവർത്തിച്ച മേഖലകളിലെല്ലാം വിശ്വസ്തനെന്ന പേരും അദ്ദേഹം നേടിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓർമ്മയും

പ്രവർത്തനങ്ങളും ഇതേ രൂപത്തിൽ നമുക്ക് ആവേശം തരുന്നതാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, സഖാവ് വി. എസ്. അച്ചുതാനന്ദന്റെ വേർപാട് കേരളീയ പൊതുസമൂഹത്തിനും ഇന്ത്യൻ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും ഉണ്ടാക്കിയ ആഘാതം വലുതാണ്. തൊഴിലാളിയായി ജീവിതമാരംഭിച്ച് ജീവിത പ്രയാസത്തിനിടയിൽ തൊഴിലാളിവർഗ്ഗ പ്രസ്ഥാനം കെട്ടിപ്പടുക്കുന്ന ദൗത്യം ഏറ്റെടുത്ത് ഒരു ആയുസ്സ് മുഴുവൻ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നേതൃത്വപരമായ പങ്ക് വഹിക്കുകയും പൊതു പ്രശ്നങ്ങളിൽ സമാനതകളില്ലാതെ ഇടപെടുകയും ചെയ്ത ഉജ്ജ്വലനായ ഒരു കമ്മ്യൂണിസ്റ്റ് നേതാവായിരുന്നു സഖാവ് വി. എസ്. അച്ചുതാനന്ദൻ. അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിലുടനീളം നിരവധി വെല്ലുവിളികൾ അതിജീവിച്ചാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വനിരയിൽ എത്തുന്നത്. പാർട്ടിക്കുള്ളിലും പുറത്തും സഖാവ് വി. എസ്. അച്ചുതാനന്ദൻ അചഞ്ചലമായി തന്റെ നിലപാട് ഉയർത്തിപ്പിടിച്ചിരുന്നു. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി നിലപാടിൽ

അതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് ബദൽ രാഷ്ട്രീയ അന്വേഷണത്തിന്റെ ഭാഗമായി ഇറങ്ങി വന്ന മുപ്പത്തിരണ്ടുപേരിൽ ഒരാളായിരുന്നു സഖാവ് വി. എസ്. അച്ചുതാനന്ദൻ. പിന്നീട് അദ്ദേഹം ഉൾപ്പെടെ രൂപീകരിച്ച പാർട്ടിയുടെ പല തീരുമാനങ്ങൾക്കെതിരെയും ശക്തമായ നിലപാട് വി. എസ്. അച്ചുതാനന്ദൻ സ്വീകരിച്ചിട്ടുണ്ട്. പല ഘട്ടങ്ങളിലും പാർട്ടിയുടെ സംഘടനാ അച്ചടക്കത്തിനുമപ്പുറമായിരുന്നു അദ്ദേഹത്തിന്റെ സംഘടനാ പ്രവർത്തനം. അതിന്റെ ഫലമായി നിരവധി പ്രശ്നങ്ങളും ത്യാഗങ്ങളും അദ്ദേഹത്തിന് അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. മാരാരിക്കുളംപോലെ, തന്റെ ജീവിതത്തിലെ ഏറ്റവും കൂടുതൽ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ പുന്നപ്ര സമരനായകന് നേരിടേണ്ടിവന്ന തോൽപ്പിക്കപ്പെട്ട സന്ദർഭങ്ങൾ കളങ്കിതമായൊരു രാഷ്ട്രീയ നിലപാടായി കേരളം ഇന്നും ഓർക്കുകയാണ്. എന്നിട്ടും അധികാര രാഷ്ട്രീയത്തിന് അപ്പുറമാണ് ഇടതുപക്ഷ രാഷ്ട്രീയമെന്ന നിലപാട് ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്ത്യയിലെയും കേരളത്തിലെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്, ഇടതുപക്ഷ പ്രസ്ഥാനത്തിന് തിരുത്തൽശക്തിയായി പ്രവർത്തിക്കാൻ സഖാവ് വി. എസ്. അച്ചുതാനന്ദന് സാധിച്ചിരുന്നു. പാർലമെന്ററി-പാർലമെന്റേറിയൻ

പ്രവർത്തനവും തൊഴിലാളിവർഗ പ്രസ്ഥാനത്തിന് ഒരുപോലെ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് വി. എസ്. അച്യുതാനന്ദൻ തന്റെ നേതൃപാടവം കൊണ്ട് പലപ്പോഴും കാണിച്ചുതന്നിരുന്നു. പാർട്ടി സെക്രട്ടറി, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ഇടതുപക്ഷ മുന്നണി കൺവീനർ എന്നീ നിലകളിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളിലെല്ലാം അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. പല സമരമുഖങ്ങളിലും വി. എസ്. അച്യുതാനന്ദന്റെ ശക്തമായ സാന്നിധ്യം നമുക്ക് കാണാൻ സാധിക്കും. പ്രത്യേകിച്ചും സ്ത്രീപക്ഷ സമരങ്ങൾ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്ന ആക്രമണങ്ങൾ (കതിരൂർ, കിളിരൂർ, സൂര്യനെല്ലി) ഉൾപ്പെടെയുള്ള സമരമുഖങ്ങൾ നമുക്ക് ഓർമ്മയുണ്ട്. കൂടാതെ പെമ്പിളൈ ഒരുമൈ സമരം, നഴ്സിങ് സമരം, നടി ആക്രമിക്കപ്പെട്ട സംഭവം എന്നീ വിഷയങ്ങളിൽ സഖാവ് വി. എസ്. അച്യുതാനന്ദന്റെ നിലപാടും സാന്നിധ്യവും കേരളം വളരെ വ്യക്തമായി കണ്ടതാണ്. പാർട്ടിക്കുള്ളിൽനിന്ന് വെല്ലുവിളികൾ നേരിട്ടപ്പോഴും പൊതുസമൂഹത്തിൽ വലിയ സ്വീകാര്യത കിട്ടിയ ഒരു നേതാവായിരുന്നു സഖാവ് വി. എസ്. അച്യുതാനന്ദൻ. അദ്ദേഹത്തെ സ്ഥാനാർത്ഥിയായി

പ്രഖ്യാപിക്കാതിരുന്നപ്പോൾ ജനങ്ങൾ തെരുവിലിറങ്ങി പാർട്ടി സ്ഥാനാർഥിയാക്കി മാറ്റിയത് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മറ്റൊരു ചരിത്രമായി അവശേഷിക്കുകയാണ്. എന്നും ജനങ്ങൾക്കൊപ്പമാണ് വി. എസ്. അച്ചുതാനന്ദൻ നിലകൊണ്ടത്. അതുകൊണ്ട് വലിയ ആരാധനയോടെയാണ് ജനങ്ങൾ അദ്ദേഹത്തെ കണ്ടിരുന്നത്. വ്യക്തിപരമായി പറയുകയാണെങ്കിൽ ഒരു പിതൃതുല്യനായ അനുഭവമായിരുന്നു എനിക്ക് അദ്ദേഹത്തോട് ഉണ്ടായിരുന്നത്. എന്റെ ജീവിതത്തിൽ ഏറ്റവും വിഷമമേറിയ ഒരു സന്ദർഭത്തിൽ, ജീവിതം ഇരുട്ടിലായിപോയ സമയത്ത് കണ്ണീരൊപ്പാൻ ഓടിവന്ന് ഞങ്ങളുടെ വിഷമങ്ങളിലും പ്രയാസങ്ങളിലും വേദനയിലും കൂടെനിന്ന അദ്ദേഹത്തിന്റെ കരുതലും ഇടപെടലുകളുമെല്ലാം എന്റെ ജീവിതത്തിലെ മറക്കാനാകാത്ത അനുഭവമാണ്. അതൊരുപക്ഷേ, സമീപകാല രാഷ്ട്രീയ ചരിത്രത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ സന്ദേശമായിക്കൂടി അവസാനിക്കുകയാണ്. ആ സമരധന്യ-വിപ്ലവോജ്ജ്വലവും ത്യാഗോജ്ജ്വലവുമായ ജീവിതത്തിന് എന്റെയും എന്റെ പാർട്ടിയുടെയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഈ സഭയിലെ ഒരു സൗമ്യ സാന്നിധ്യമായിരുന്ന വാഴൂർ സോമൻ. എല്ലാവരോടും വളരെ സ്നേഹത്തോടുകൂടിയായിരുന്ന അദ്ദേഹം പെരുമാറിയിരുന്നത്. എപ്പോഴും വ്യക്തിപരമായി പ്രശ്നങ്ങൾ ചോദിച്ചറിയാനും സ്നേഹത്തോടെ ഇടപെടാനും വാഴൂർ സോമന് സാധിച്ചിരുന്നു. നമ്മോടൊപ്പം അടുത്തകാലം വരെയുണ്ടായിരുന്ന അദ്ദേഹം ഇപ്പോൾ നമ്മോടൊപ്പം ഇല്ലെന്നത് വളരെ നടുക്കത്തോടുകൂടി ഓർക്കുകയാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കോൺഗ്രസിന്റെ സമരാധ്യനായ നേതാവായിരുന്ന പി. പി. തങ്കച്ചൻ. ആ പ്രസ്ഥാനത്തിന് തീർച്ചയായും നികത്താനാകാത്തൊരു നഷ്ടമാണ് അദ്ദേഹത്തിന്റെ ദേഹവിയോഗത്തിലൂടെ ഉണ്ടായിരിക്കുന്നത്. സ്പീക്കറായും മന്ത്രിയായും ജനനേതാവായും ജനങ്ങൾക്കിടയിൽ വളരെ സ്നേഹത്തോടും സൗമ്യനായും ഇടപെടാൻ പി. പി. തങ്കച്ചന് സാധിച്ചിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിലും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, അന്തരിച്ച മൂന്ന് നേതാക്കളെക്കുറിച്ച് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും

മറ്റ് കക്ഷി നേതാക്കളും പറഞ്ഞ എല്ലാ അഭിപ്രായങ്ങളോടും ഞാൻ യോജിക്കുന്നു. വേലിക്കകത്ത് എന്നാണ് വി. എസ്. അച്യുതാനന്ദന്റെ വീട്ടു പേരെങ്കിലും അഴിമതിക്കും അനീതിക്കും എതിരെ പോരാടാൻ ആ വേലിപൊളിച്ച് പുറത്തുവന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹം. ഡൽഹിയിലെ കേരള ഹൗസിൽവച്ചാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി പരിചയപ്പെടുന്നത്. ഞാൻ ഡൽഹിയിലുണ്ടായിരുന്ന സമയത്ത് വി. എസ്. അച്യുതാനന്ദന് പാർലമെന്റ് സന്ദർശിക്കാൻ പോകുന്നതിന് ഒരു കാർ വേണമെന്ന് ശ്രീ. കെ. സുരേഷ് കുറുപ്പ് എം. പി. എന്നോട് പറഞ്ഞു. ഞാൻ അദ്ദേഹത്തെ കാണാൻ കേരള ഹൗസിൽ ചെന്നപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞത്, "തന്റെ അച്ഛൻ പല പോലീസ് മർദ്ദനങ്ങളിൽനിന്നും എന്നെ രക്ഷപ്പെടുത്തിയിട്ടുണ്ട്" എന്നാണ്. അതെങ്ങനെയാണെന്ന് ചോദിച്ചപ്പോൾ, സർ. സി. പി.-യ്ക്കെതിരെയുള്ള സമരത്തിൽ പാലായിലെ സബ് ജയിലിൽ അവർ ഒന്നിച്ചുണ്ടായിരുന്നുവെന്നും ആ സമയം കോൺഗ്രസ് അധികാരത്തിൽ വരുമെന്ന ധാരണയുണ്ടായിരുന്നതുകൊണ്ടും എന്റെ പിതാവ് ഒരു വക്കീൽ ആയിരുന്നതുകൊണ്ടും പോലീസുകാർ അദ്ദേഹത്തോട്

ബഹുമാനത്തോടുകൂടിയായിരുന്ന പെരുമാറിയിരുന്നതെന്നും ഒരു പ്രാവശ്യം അദ്ദേഹത്തെ കെട്ടിയിട്ട് തല്ലുമ്പോൾ, മജ്ജയും മാംസവും കൊണ്ട് സൃഷ്ടിക്കപ്പെട്ട ഒരു മനുഷ്യശരീരത്തിനോടാണ് ഈ ക്രൂരത കാണിക്കുന്നതെന്നും ഇത് ആരും പൊറുക്കില്ലെന്നും എന്റെ അച്ഛൻ അന്ന് പറഞ്ഞുവെന്നുമാണ് അദ്ദേഹം എന്നോട് പറഞ്ഞത്. അതുകൊണ്ടായിരിക്കാം 2006, 2011 എന്നീ വർഷങ്ങളിൽ ഞാൻ പാലായിൽ എൽ.ഡി.എഫ്. സ്ഥാനാർഥിയായി മത്സരിക്കുമ്പോൾ അദ്ദേഹം എന്റെ ഇലക്ഷൻ പ്രചാരണത്തിന് വന്നത്. സാധാരണ എൽ.ഡി.എഫ്. സ്ഥാനാർഥിക്ക് വോട്ട് ചെയ്യണമെന്ന് മാത്രമേ അദ്ദേഹം പറയാറുള്ളൂ. പക്ഷെ അവിടെ എന്നെക്കുറിച്ചും എന്റെ പിതാവിനെക്കുറിച്ചും വളരെ നന്നായി അദ്ദേഹം സംസാരിച്ചത് അന്ന് സഖാക്കൾക്കിടയിൽ വലിയ ചർച്ചയായ വിഷയമായിരുന്നുവെന്ന് പലരും എന്നോട് പറയുകയുണ്ടായി. അദ്ദേഹത്തിന്റെ നിര്യാണം കേരളത്തെ സംബന്ധിച്ചിടത്തോളം തീരാനഷ്ടമാണ്. കർഷകർക്കും കർഷകത്തൊഴിലാളികൾക്കുംവേണ്ടി അഹോരാത്രം പണിയെടുത്ത അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പി. കെ. വാസുദേവൻ നായരും (പി.കെ.വി.) എന്റെ പിതാവും 1962 മുതൽ 1967 വരെ ഒന്നിച്ച് പാർലമെന്റിലുണ്ടായിരുന്ന വ്യക്തികളാണ്. പി.കെ.വി. ആണ് കാനം രാജേന്ദ്രനെ എനിക്ക് പരിചയപ്പെടുത്തുന്നത്. പിന്നീട് 1987-ൽ കാനം രാജേന്ദ്രനാണ് വാഴൂർ സോമനെ എനിക്ക് പരിചയപ്പെടുത്തിയത്. പരിചയപ്പെട്ട കാലം മുതൽ മരിക്കുന്ന സമയം വരെ ഞങ്ങൾ തമ്മിൽ ഒരു വ്യക്തിബന്ധമുണ്ടായിരുന്നു. പീരുമേട്ടിലെ കർഷകത്തൊഴിലാളികൾ, തേയിലത്തൊഴിലാളികൾ എന്നിവർക്കുവേണ്ടി അഹോരാത്രം പണിയെടുത്ത സൗമ്യനായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം.

പി. പി. തങ്കച്ചനുമായി എനിക്ക് യാതൊരു അടുപ്പവുമില്ല. വളരെ അകന്നുനിന്ന് മാത്രമേ ഞാൻ അദ്ദേഹത്തെ കണ്ടിട്ടുള്ളൂ. പക്ഷെ സത്യസന്ധമായ രാഷ്ട്രീയത്തിന്റെ നേർരൂപമായിരുന്നു അദ്ദേഹമെന്ന് അറിയാൻ സാധിച്ചിട്ടുണ്ട്. സ്പീക്കർ, കൃഷി വകുപ്പുമന്ത്രി, കെ.പി.സി.സി. പ്രസിഡന്റ്, യു.ഡി.എഫ്. കൺവീനർ എന്നീ നിലകളിലും സ്തുത്യർഹമായ സേവനമനുഷ്ഠിച്ച അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാൻ

അനുശോചിക്കുന്നു. ഈ മൂന്ന് വ്യക്തികളുടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ...... അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

ഓർഡർ..... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 സെപ്റ്റംബർ 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 10.40-ന് പിരിഞ്ഞു.)

* * * * * * * *